# സൂക്ഷ്മ, ചെറുകിട സംരംഭങ്ങളോടുള്ള

# ബാങ്കിന്റെ പ്രതിബദ്ധതയുടെ നിയമാവലി – 2015

*ബാങ്കിന്റെ സൂക്ഷ്മ, ചെറുകിട സംരംഭ (എംഎസ്ഇ) കരായ ഇടപാടുകാർക്ക് അവരുടെ ദൈനംദിന പണമിടപാടുകൾക്കായും ഒപ്പം അവരുടെ സാമ്പത്തിക ക്ലേശത്തിന്റെ നാളു കളിലും സുഗമവും സത്വരവും സുതാര്യവുമായ ബാങ്കിംങ് സേവനങ്ങളിലേക്കുള്ള പ്രവേശനമാർഗം തുറന്നുകൊടുക്കാനുള്ള ബാങ്കിന്റെ അസന്ദിഗ്ദ്ധമായ പ്രതിബദ്ധത പ്രതിഫലിപ്പിക്കുന്ന ഒരു നിയമാവലിയാണിത്. ഈ നിയമാവലി എംഎസ്ഇ ഇടപാടുകാ രുടെ ഒരു അവകാശപത്രിക മാത്രമല്ല, അവരുടെ ബാങ്കിനോട് അവർക്കുള്ള ഉത്തരവാദി ത്വങ്ങളുടെ നിയമാവലിയും കൂടിയാണ്.* ***ഇടപാടുകാരോടുള്ള ബാങ്കിന്റെ പ്രതിബദ്ധത യുടെ ഈ നിയമാവലിയിലെ ഉപാധികൾ, പ്രസക്തമായ ഇടങ്ങളിൽ സൂക്ഷ്മ, ചെറുകിട സംരംഭകരായ ഇടപാടുകാർക്കുകൂടിയും ബാധകമായിരിക്കുന്നതാണ്.***

## ഉള്ളടക്കം


| | | | |
|---|---|---|---|
| 1 | | **മുഖവുര** | 1 |
| | 1.1 | നിയമാവലിയുടെ ഉദ്ദേശ്യങ്ങൾ | |
| | 1.2 | നിയമാവലിയുടെ പ്രയോഗം | |
| 2 | | **മുഖ്യ പ്രതിബദ്ധതകൾ** | 4 |
| | 2.1 | ഞങ്ങൾക്ക് നിങ്ങളോടുള്ള മുഖ്യപ്രതിബദ്ധതകൾ | |
| | 2.1.1 | നിങ്ങളുമായുള്ള എല്ലാ ഇടപാടുകളിലും നീതിപൂർവ്വവും ന്യായവുമായ രീതിയിൽ പ്രവർത്തിക്കുക | |
| | 2.1.2 | ഞങ്ങളുടെ ധനകാര്യ ഉത്പന്നങ്ങളും സേവനങ്ങളും എങ്ങനെയാണ് പ്രവർത്തനക്ഷമമാകുന്നതെന്ന് മനസ്സിലാക്കാൻ നിങ്ങളെ സഹായിക്കുക | |
| | 2.1.3 | നിങ്ങളുടെ അക്കൗണ്ടുകൾ അല്ലെങ്കിൽ സേവനം ഉപയോഗിക്കുവാൻ നിങ്ങളെ സഹായിക്കുക | |
| | 2.1.4 | പിശകുകൾ സംഭവിക്കുമ്പോൾ സത്വരമായും അനുതാപപൂർവ്വമായും ഇടപെടുക | |
| | 2.1.5 | നിങ്ങളുടെ വ്യക്തിഗതവും ബിസിനസ് സംബന്ധവുമായ എല്ലാ വിവരങ്ങളും സ്വകാര്യമായും രഹസ്യമായും കൈകാര്യം ചെയ്യുക | |
| | 2.1.6 | നിയമാവലിയ്ക്ക് പ്രചാരണം നൽകുക | |
| | 2.1.7. | ഒരു വിവേചനരഹിത നയം അംഗീകരിക്കുകയും അത് പ്രയോഗത്തിൽ കൊണ്ടുവരികയും ചെയ്യുക | |
| 3 | | **വിവരം അറിയിക്കൽ – സുതാര്യത** | 8 |
| | 3.1 | പൊതുവായ വിഷയങ്ങൾ | |
| | 3.2 | പലിശ നിരക്കുകൾ | |
| | 3.3 | ചെലവ് വിവരപട്ടിക | |
| | 3.4 | വ്യവസ്ഥകളും നിബന്ധനകളും | |
| 4 | | **സ്വകാര്യതയും രഹസ്യസ്വഭാവവും** | 12 |
| | 4.1 | ക്രെഡിറ്റ് ഇൻഫർമേഷൻ കമ്പനികൾ | |

| | | | |
|---|---|---|---|
| 5 | | **വായ്പാ വിതരണം** | 14 |
| | 5.1 | വായ്പാപേക്ഷ | |
| | 5.2 | വായ്പാപേക്ഷയുടെ മൂല്യനിർണ്ണയം | |
| | 5.3 | അനുവദിക്കൽ / തിരസ്കരിക്കൽ | |
| | 5.4 | കേന്ദ്ര രജിസ്ട്രി | |
| | 5.5 | വായ്പാ വിതരണത്തിനുശേഷം | |
| | 5.6 | ധനവിനിമയേതരാടിസ്ഥാന വായ്പാ സൗകര്യങ്ങൾ | |
| | 5.7 | ഇൻഷ്വറൻസ് | |
| | 5.8 | സാമ്പത്തിക ക്ലേശങ്ങൾ | |
| | 5.9 | പീഡിത എംഎസ്ഇ-കളുടെ പരിചരണവും ഋണ പുനഃസംഘാടനവും | |
| | 5.10 | ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി | |
| | 5.11 | വായ്പകളുടെയും കടബാദ്ധ്യതകളുടെയും വിൽപ്പന | |
| 6 | | **കടബാദ്ധ്യത പിരിച്ചെടുക്കലും ഈടിന്റെ ഉടമസ്ഥത വീണ്ടെടുക്കലും സംബന്ധമായ നയം** | 30 |
| | 6.1 | കടബാദ്ധ്യത പിരിച്ചെടുക്കൽ | |
| | 6.2 | കടബാദ്ധ്യത പിരിച്ചെടുക്കൽ, ഈടിന്റെ ഉടമസ്ഥത വീണ്ടെടുക്കൽ എന്നിവയെ സംബന്ധിച്ച നയം | |
| | | **അനുബന്ധം - പദാവലി** | **34** |

# മുഖവുര

സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭവികസന (എംഎസ്എംഇഡി) ആക്ട്, 2006–ൽ നിർവചിച്ചിരിക്കുംപ്രകാരമുള്ള **സൂക്ഷ്മ–ചെറുകിട സംരംഭ (എംഎസ്ഇ)** ങ്ങളുമായി ഇടപാടുകൾ നടത്തുമ്പോൾ ബാങ്കുകൾ അവയുടെ നടപടിക്രമങ്ങളിൽ പുലർത്തേണ്ടുന്ന ഏറ്റവും കുറഞ്ഞ നിലവാരമെന്തായിരിക്കണമെന്നത് നിശ്ചയിക്കുന്ന താണ് ഈ 'നിയമാവലി'. ഇത് നിങ്ങൾക്ക് പരിരക്ഷ നൽകുകയും, നിങ്ങളുടെ ദൈനം ദിന പണമിടപാടുകളിലും സാമ്പത്തിക ക്ലേശത്തിന്റെ നാളുകളിലും ബാങ്കുകൾ നിങ്ങളോട് എങ്ങനെ വ്യാപരിക്കണമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നതെന്ന് വിശദീകരി ക്കുകയും ചെയ്യുന്നു.

ഭാരതീയ റിസർവ് ബാങ്ക് (ആർബിഐ) പുറപ്പെടുവിച്ചിട്ടുള്ള നിയന്ത്രണ ശേഷിയുള്ളതോ അല്ലെങ്കിൽ മേലന്വേഷണച്ചുമതലയുള്ളതോ ആയ നിർദ്ദേശങ്ങളെ ഈ നിയമാവലി മാറ്റി പ്രതിഷ്ഠിക്കുകയോ ഉല്ലംഘിക്കുകയോ ചെയ്യുന്നില്ല. കാലാകാല ങ്ങളിൽ ഭാരതീയ റിസർവ് ബാങ്ക് പുറപ്പെടുവിക്കുന്ന അത്തരം നിർദ്ദേശങ്ങളും / ആജ്ഞാപനങ്ങളുമനുസരിച്ച് ഞങ്ങൾ പ്രവർത്തിക്കുന്നതായിരിക്കും. നിയന്ത്രണ ശേഷിയുള്ളതോ അല്ലെങ്കിൽ മേലന്വേഷണച്ചുമതലയുള്ളതോ ആയ നിർദ്ദേശങ്ങളിൽ നിശ്ചയിക്കപ്പെട്ടിരിക്കുന്ന ഉപാധികളേക്കാളും ഉന്നത നിലവാരം ഈ നിയമാവലിയിലെ ഉപാധികൾ ഉറപ്പിച്ചിരിയ്ക്കാമെന്ന് വരാം. അത്തരത്തിലുള്ള ഉന്നത നിലവാരം പ്രബല പ്പെടുകയും ചെയ്തേക്കാം. കാരണം, നിങ്ങളോടുള്ള പ്രതിബദ്ധതയുടെ സൂചകമായി ഞങ്ങൾ സ്വീകരിക്കുവാൻ തീരുമാനിച്ചിരിക്കുന്ന ഉത്തമമായ നടപടികളെയാണ് ഈ നിയമാവലി പ്രതിനിധാനം ചെയ്യുന്നത്.

ഈ നിയമാവലിയിൽ 'നിങ്ങൾ' എന്ന് സൂചിപ്പിച്ചിരിക്കുന്നത് എംഎസ്ഇ ഇടപാടുകാര നെയും, 'ഞങ്ങൾ' എന്ന് സൂചിപ്പിച്ചിരിക്കുന്നത് നിങ്ങൾ ഇടപാടുകൾ നടത്തുന്ന ബാങ്കി നെയുമാണ്.

## 1.1 നിയമാവലിയുടെ ഉദ്ദേശ്യങ്ങൾ

നിയമാവലിയുടെ ഉദ്ദേശ്യങ്ങൾ ഇനിപ്പറയുന്നവയാണ് :

എ) കാര്യക്ഷമവും, സാഹചര്യത്തിനനുയോജ്യവുമായ ബാങ്കിംങ് **സേവനങ്ങൾ** ലഭിക്കുവാൻ സുഗമമായ മാർഗം തുറന്നു കൊടുത്ത് എംഎസ്ഇ മേഖലയ്ക്ക് വ്യക്തമായ ഒരു ഉത്തേജനം നൽകുക.

ബി) നിങ്ങളുമായുള്ള ഇടപാടുകളിൽ പുലർത്തേണ്ടുന്ന ഏറ്റവും കുറഞ്ഞ നിലവാരം എന്തായിരിക്കണമെന്നത് നിശ്ചയിച്ചുകൊണ്ട് ഉത്തമവും നീതിപൂർവ്വവുമായ ബാങ്കിംങ്
നടപടിക്രമങ്ങൾ പ്രോത്സാഹിപ്പിക്കുക.

സി) സേവനങ്ങളിൽ നിന്നും നിങ്ങൾക്ക് ന്യായമായി പ്രതീക്ഷിക്കാൻ കഴിയുന്ന കാര്യങ്ങളെക്കുറിച്ച് മെച്ചപ്പെട്ട ഒരു ധാരണയുണ്ടാക്കാൻ കഴിയുമാറ് സുതാര്യത വർദ്ധിപ്പിക്കുക.

ഡി) ഫലവത്തായ ആശയവിനിമയത്തിലൂടെ നിങ്ങളുടെ ബിസിനസിനെക്കുറിച്ചുള്ള ഞങ്ങളുടെ ധാരണ മെച്ചപ്പെടുത്തുക.

ഇ) മത്സരത്തിലൂടെ ഉന്നതമായ പ്രവർത്തന നിലവാരം കൈവരിക്കാൻ വിപണി ശക്തികളെ പ്രോത്സാഹിപ്പിക്കുക.

എഫ്) നിങ്ങളും ഞങ്ങളും തമ്മിൽ നീതിപൂർവ്വവും സൗഹാർദ്ദപൂർണവുമായ ഒരു ബന്ധം സ്ഥാപിക്കുക.

ജി) ബാങ്കിംങ് സംബന്ധമായ നിങ്ങളുടെ ആവശ്യങ്ങൾക്ക് അവസരോചിതവും സത്വരവുമായ പ്രതികരണം ഉറപ്പുവരുത്തുക.

എച്ച്) ബാങ്കിംങ് വ്യവസ്ഥയിലുള്ള വിശ്വാസം പരിപോഷിപ്പിക്കുക.

നിയമാവലിയുടെ പ്രമാണങ്ങൾ 2-ാം വിഭാഗത്തിലെ മുഖ്യപ്രതിബദ്ധതകളിൽ പ്രതിപാദിച്ചിരിക്കുന്നു.

## 1.2 നിയമാവലിയുടെ പ്രയോഗം

എംഎസ്എംഇഡി ആക്ട്, 2006-ൽ നിർവചിച്ചിരിക്കും പ്രകാരം, ചരക്കുകളുടെ നിർമ്മാണം അല്ലെങ്കിൽ ഉത്പാദനം അല്ലെങ്കിൽ ഉത്പാദനപ്രക്രിയ അല്ലെങ്കിൽ പരിപാലനം എന്നിവയിലും, സേവനങ്ങൾ ലഭ്യമാക്കുകയോ അല്ലെങ്കിൽ നൽകുകയോ ചെയ്യുന്ന

തിലും ഏർപ്പെട്ടിരിക്കുന്ന സൂക്ഷ്മ, ചെറുകിട സംരംഭങ്ങളെയാണ് എംഎസ്ഇ-കൾ ഉൾക്കൊള്ളുന്നത്.

മറിച്ച് എവിടെയെങ്കിലും സൂചിപ്പിക്കാത്തപക്ഷം, താഴെക്കൊടുത്തിരിക്കുന്ന പട്ടികയിൽ പറയുന്ന നിലവിലെ നിയന്ത്രണാധികാരപ്രകാരമുള്ള നിർദ്ദേശങ്ങളനുസരിച്ച് ഞങ്ങളുടെ ശാഖകൾ, സഹായകസ്ഥാപനങ്ങൾ, സംയുക്തസംരംഭങ്ങൾ അല്ലെങ്കിൽ പ്രതിനിധികൾ ബാങ്ക് കൗണ്ടറുകളിലൂടെയോ, ഫോൺ മുഖേനയോ, തപാൽമാർഗമോ, ഇന്റർനെറ്റിലെ ഇന്റർ ആക്ടീവ് ഇലക്ട്രോണിക് ഉപായങ്ങളിലൂടെയോ അല്ലെങ്കിൽ മറ്റേതെങ്കിലും രീതിയിലൂടെയോ നൽകുന്ന  എല്ലാ ഉത്പന്നങ്ങൾക്കും സേവനങ്ങൾക്കും ഈ നിയമാവലി ബാധകമായിരിക്കും. എന്നാൽ ഇവിടെ പ്രതിപാദിച്ചിരിക്കുന്ന വായ്പാ ഉത്പന്നങ്ങളെല്ലാം തന്നെ തയ്യാറാക്കി നൽകാൻ ഞങ്ങൾക്ക് കഴിഞ്ഞെന്നു വരില്ല.

എ) ദീർഘകാല വായ്പകളിലും മറ്റ് **വായ്പാ സൗകര്യങ്ങ**ളിലും ഇനിപ്പറയുന്നവ ഉൾപ്പെട്ടിരിക്കുന്നു: **ക്യാഷ്ക്രെഡിറ്റ്, ഓവർഡ്രാഫ്ട്,** ചെക്ക് പർച്ചേസ്, **ബിൽപർച്ചേസ് / ബിൽ ഡിസ്കൗണ്ടിങ്** (തദ്ദേശീയവും വൈദേശികവും), **ഋണപത്ര** (തദ്ദേശീയവും വൈദേശികവും) പ്രകാരം ഹാജരാക്കപ്പെടുന്ന പ്രമാണങ്ങളിലെ ഉപാധികളനുസരിച്ചുള്ള വ്യവഹരണം എന്നിവ പോലുള്ള ധനവിനിമയാടിസ്ഥാന വായ്പകൾ, തദ്ദേശീയമോ വൈദേശികമോ അല്ലെങ്കിൽ ഇവ രണ്ടുരീതിയിലുള്ളതുമോ ആയ ഋണപത്ര (ഡി/പി) അല്ലെങ്കിൽ ഡി/എ) ങ്ങളുടെ പ്രതിഷ്ഠ, **ജാമ്യപത്രങ്ങൾ** (തദ്ദേശീയമോ വൈദേശികമോ) പുറപ്പെടുവിക്കൽ, തദ്ദേശീയമോ വൈദേശികമോ ആയ ബില്ലുകളുടെയോ അല്ലെങ്കിൽ ചെക്കുകളുടെയോ പണം വസൂലാക്കൽ, **ബില്ലു**കളുടെ **അവലൈസേഷനും** സഹസ്വീകാരവും, ബയേഴ്സ് ക്രെഡിറ്റ് മുതലായ ധനവിനിമയേതരാടിസ്ഥാന വായ്പാ സൗകര്യങ്ങൾ.

ബി) വിദേശ നാണ്യവിനിമയ നിർവഹണ ആക്ട് 1999 (ഫെമ) /  ഭാരതീയ റിസർവ് ബാങ്കിന്റെ മാർഗ നിർദ്ദേശങ്ങൾ അനുസരിച്ചുള്ള, വിദേശ കറൻസികൾ മാറി പണം കൊടുക്കുന്നതുൾപ്പെടെയുള്ള വിദേശ വിനിമയ സേവനങ്ങൾ.

സി) തേഡ് പാർട്ടി ഇൻഷ്വറൻസും, ഞങ്ങളുടെ ശാഖകളിലൂടെയോ, അല്ലെങ്കിൽ ഞങ്ങളുടെ അംഗീകൃത പ്രതിനിധികൾ, അല്ലെങ്കിൽ ഏജന്റുമാർ എന്നിവർ മുഖേനയോ വിപണനം ചെയ്യപ്പെടുന്ന നിക്ഷേപ ഉത്പന്നങ്ങളും.

ഡി) **ഫാക്ടറിങ് സേവനങ്ങൾ**

ഇ) മർച്ചന്റ് സേവനങ്ങൾ

(**കട്ടിയുള്ള കറുപ്പിൽ** അച്ചടിച്ചിരിക്കുന്ന വാക്കുകളുടെ അർത്ഥം ഒടുവിൽ കൊടുത്തിരിക്കുന്ന പദാവലിയിൽ നൽകിയിട്ടുണ്ട്)

# 2. മുഖ്യ പ്രതിബദ്ധതകൾ

**2.1 ഞങ്ങൾക്ക് നിങ്ങളോടുള്ള മുഖ്യപ്രതിബദ്ധതകൾ**

**2.1.1 നിങ്ങളുമായുള്ള എല്ലാ ഇടപാടുകളിലും താഴെപ്പറയുന്ന കാര്യങ്ങൾ നിർവഹിച്ചു കൊണ്ട് നീതിപൂർവ്വവും ന്യായവുമായ രീതിയിൽ പ്രവർത്തിക്കുക.**

എ) ബാങ്ക് കൗണ്ടറിൽ പണം സ്വീകരിക്കുകയും ചെക്കുകൾക്ക് പണം കൊടുക്കുകയും ചെയ്യുന്ന ബാങ്കിംഗ് സൗകര്യങ്ങൾ നൽകുക.

ബി) വായ്പകളും സേവനങ്ങളും സത്വരമായും കാര്യക്ഷമമായും ലഭ്യമാക്കുക.

സി) ഈ നിയമാവലിയിൽ പ്രതിപാദിച്ചിരിക്കുന്ന പ്രതിബദ്ധതകൾ നിറവേറ്റുകയും, ഞങ്ങൾ വാഗ്ദാനം ചെയ്യുന്ന ഉത്പന്നങ്ങൾ, സേവനങ്ങൾ, ഞങ്ങൾ അനുവർത്തി ക്കുന്ന
നടപടിക്രമങ്ങൾ, പ്രയോഗങ്ങൾ എന്നിവയിൽ നിലവാരം പുലർത്തുകയും ചെയ്യുക.

ഡി) ഞങ്ങളുടെ ഉത്പന്നങ്ങൾ, സേവനങ്ങൾ, എന്നിവ രൂപത്തിലും ഭാവത്തിലും നിയമ ങ്ങളും ചട്ടങ്ങളും അനുസരിച്ചിട്ടുള്ളവയാണെന്നതും അവ നിങ്ങളുടെ ആവശ്യ ങ്ങൾക്ക് അനുയോജ്യമായവയാണെന്നതും ഉറപ്പുവരുത്തുക.

ഇ) നിങ്ങളുമായുള്ള ഞങ്ങളുടെ ഇടപാടുകൾ സത്യനിഷ്ഠയുടെയും സുതാര്യതയു ടെയും നൈതികമായ തത്ത്വങ്ങളിൽ അധിഷ്ഠിതമാണെന്നത് ഉറപ്പുവരുത്തുക.

എഫ്) സുരക്ഷിതവും വിശ്വസനീയവുമായ ബാങ്കിംഗ് രീതികളും **പണം നൽകാനും കണക്കു തീർക്കാനു**മായുള്ള സമ്പ്രദായങ്ങളും നടപ്പിൽ വരുത്തുക.

ജി) സാമ്പത്തികക്ലേശം അനുഭവപ്പെടുന്ന ഇടപാടുകാരുടെ കാര്യങ്ങൾ അനുതാപ പൂർവ്വം പരിഗണിക്കുക (തുടർന്ന് വരുന്ന 5.8 ഖണ്ഡിക കാണുക)

**2.1.2 താഴെപ്പറയുന്ന മാർഗങ്ങളിലൂടെ ഞങ്ങളുടെ ധനകാര്യ ഉത്പന്നങ്ങളും സേവന ങ്ങളും എങ്ങനെയാണ് പ്രവർത്തനക്ഷമമാകുന്നതെന്ന് മനസ്സിലാക്കാൻ നിങ്ങളെ സഹായിക്കുക.**

എ) ഞങ്ങളുടെ ധനപരമായ ഉത്പന്നങ്ങളെയും സേവനങ്ങളെയുംകുറിച്ച് ഹിന്ദി, ഇംഗ്ലീ ഷ്, എന്നീ ഭാഷകളിലും ബന്ധപ്പെട്ട പ്രാദേശിക ഭാഷയിലും നിങ്ങൾക്ക് വിവരം നൽകുക.

ബി) ഞങ്ങൾ നൽകുന്ന പരസ്യങ്ങളും പ്രചരാണർത്ഥം പ്രസിദ്ധീകരിക്കുന്ന ലഘുലേഖ കളും സുവ്യക്തമായതും തെറ്റിദ്ധരിപ്പിക്കാത്തതുമാണെന്നതും ഉറപ്പ് വരുത്തുക.

സി) ഞങ്ങളുടെ ഉത്പന്നങ്ങളെയും സേവനങ്ങളെയും കുറിച്ചും, അവയ്ക്ക് ബാധകമായ വ്യവസ്ഥകളെയും നിബന്ധനകളെയുംകുറിച്ചും, പലിശനിരക്കുകളെയും സേവനച്ചെലവുകളെയും കുറിച്ചും സുവ്യക്തവും സമ്പൂർണ്ണവുമായ വിവരം നിങ്ങൾക്ക് ലഭ്യമാക്കിയിരിക്കുന്നുവെന്നത് ഉറപ്പ് വരുത്തുക.

ഡി) ഞങ്ങളുടെ / മൂന്നാം കക്ഷിയുടെ ഉത്പന്നങ്ങൾ ശരിയല്ലാത്ത രീതിയിൽ വിൽക്കപ്പെടുന്നില്ലെന്നത് ഉറപ്പുവരുത്തുക.

ഇ) നിങ്ങൾക്ക് ലഭ്യമാകുന്ന സൗകര്യങ്ങൾ എന്തൊക്കെയാണെന്നതിനെയും, അവയെ എങ്ങനെ പ്രയോജനപ്പെടുത്താമെന്നതിനെയും, നിങ്ങളുടെ സംശയങ്ങൾക്കും ആവലാതികൾക്കും പരിഹാരമുണ്ടാക്കാനായി നിങ്ങൾ ആരെ, എങ്ങനെ ബന്ധപ്പെടണമെന്നതിനെയുംകുറിച്ചുള്ള വിവരങ്ങൾ നൽകുക.

**2.1.3 നിങ്ങളുടെ അക്കൗണ്ടുകൾ അല്ലെങ്കിൽ സേവനം ഉപയോഗിക്കുവാൻ നിങ്ങളെ സഹായിക്കുന്നതിനായി ഞങ്ങൾ താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കുന്നതാണ്:**

എ) ഏറ്റവും പുതിയ കാര്യങ്ങൾ അപ്പഴപ്പോൾ കൃത്യമായി നിങ്ങളെ അറിയിക്കുക.

ബി) പലിശ നിരക്കുകളിലും, ചെലവുകളിലും അല്ലെങ്കിൽ വ്യവസ്ഥകളിലും നിബന്ധനകളിലും വരുന്ന മാറ്റങ്ങളെക്കുറിച്ച് നിങ്ങളെ തുടർച്ചയായി അറിയിച്ചുകൊണ്ടിരിക്കുക.

സി) നിങ്ങളുടെ അറിവിലേക്കായി ഇനിപ്പറയുന്ന വിവരങ്ങൾ ഞങ്ങളുടെ ശാഖകളിൽ പ്രദർശിപ്പിക്കുക.

(i) ഞങ്ങൾ ലഭ്യമാക്കുന്ന സേവനങ്ങൾ.

(ii) കറന്റ് അക്കൗണ്ടുകളിൽ ഏറ്റവും കുറഞ്ഞ ഒരു നിർദ്ദിഷ്ട തുകയെങ്കിലും നിലനിർത്തണമെന്ന നിബന്ധനയും അത് പാലിക്കാത്തപക്ഷം ഈടാക്കുന്ന ചെലവുകളും.

(iii) നിങ്ങൾക്ക് എന്തെങ്കിലും ആവലാതിയുള്ളപക്ഷം ശാഖയിൽ നിങ്ങൾ സമീപിക്കേണ്ട ഉദ്യോഗസ്ഥന്റെ പേര്.

(iv) നിങ്ങളുടെ ആവലാതിയ്ക്ക് ശാഖാതലത്തിൽ പരിഹാരമുണ്ടാകാത്തപക്ഷം നിങ്ങൾക്ക് സമീപിക്കാവുന്ന റീജിയണൽ / സോണൽ / പ്രിൻസിപ്പൽ നോഡൽ ഓഫീസർ (പിഎൻഒ) എന്നിവരുടെ പേരുകളും അവരുടെ മേൽവിലാസവും.

(v) ഞങ്ങളുടെ ബാങ്കിന്റെ ചീഫ് വിജിലൻസ് ഓഫീസറുടെ പേരും, മേൽവിലാസവും ബന്ധപ്പെടേണ്ട ഫോൺ നമ്പരും.

(vi) നിങ്ങളുടെ ശാഖ ഏത് **ബാങ്കിംഗ് ഓംബുഡ്സ്മാ**ന്റെ ന്യായപാലനാധികാരാതിർത്തിയ്ക്കുള്ളിലാണോ വരുന്നത്, അദ്ദേഹത്തിന്റെ പേരും അദ്ദേഹത്തെ ബന്ധപ്പെടാൻ ആവശ്യമായ വിശദവിവരങ്ങളും.

(vii) ലഘുലേഖയിൽ ലഭ്യമാക്കിയിരിക്കുന്ന നയങ്ങളുടെയും രേഖകളുടെയും പട്ടിക.

ഡി) ഞങ്ങളുടെ വെബ്സൈറ്റിൽ താഴെപ്പറയുന്ന വിഷയങ്ങളെ സംബന്ധിച്ച ഞങ്ങളുടെ നയങ്ങൾ പ്രദർശിപ്പിക്കുക:

(i) നിക്ഷേപങ്ങൾ

(ii) ചെക്ക് കളക്ഷൻ

(iii) പരാതിപരിഹാരം

(iv) നഷ്ടപരിഹാരം

(v) കടബാദ്ധ്യതയായി ചെല്ലേണ്ടുന്നതുക വസൂലാക്കുകയും പണയവസ്തുവിന്റെ **ഉടമസ്ഥത വീണ്ടെടുക്കലും.**

**2.1.4 എന്തെങ്കിലും പിശകുകൾ സംഭവിക്കുമ്പോൾ സത്വരമായും അനുതാപപൂർവ്വമായും താഴെപ്പറയുന്ന രീതികളിലൂടെ ഇടപെടുക:**

എ) പിശകുകൾ വേഗത്തിൽ തിരുത്തുകയും ഞങ്ങൾ അബദ്ധവശാൽ എന്തെങ്കിലും ബാങ്ക് ചെലവുകൾ ഈടാക്കിയിരിക്കാമെങ്കിൽ അത് റദ്ദ് ചെയ്യുകയും, ഞങ്ങളുടെ ഭാഗത്തെപിശക് നിമിത്തം നിങ്ങൾക്ക് എന്തെങ്കിലും ധനപരമായ നഷ്ടം സംഭവിച്ചിട്ടുണ്ടെങ്കിൽ ഞങ്ങളുടെ **നഷ്ടപരിഹാരനയ**ത്തിലെ വ്യവസ്ഥകൾ പ്രകാരം ആവശ്യമായ നഷ്ടപരിഹാരം നൽകുകയും ചെയ്യുക.

ബി) നിങ്ങളുടെ പരാതി കിട്ടിയ വിവരം സമ്മതിക്കുകയും നിങ്ങളുടെ പരാതികൾ വേഗത്തിൽ കൈകാര്യം ചെയ്യുകയും ചെയ്യുക.

സി) പരാതിയുമായി മുന്നോട്ടുപോകാൻ നിങ്ങൾ ആഗ്രഹിക്കുന്നപക്ഷം അത് എപ്രകാരമാണ് ചെയ്യേണ്ടതെന്ന് നിങ്ങൾക്ക് പറഞ്ഞുതരിക.

ഡി) ബാങ്കിന്റെ സാങ്കേതികമായ പിഴവുകൾമൂലം ഉണ്ടാകുന്ന പ്രശ്നങ്ങൾ ലഘൂകരിക്കാനായി തക്കതായ ഇതരമാർഗ്ഗങ്ങൾ ലഭ്യമാക്കുക.

**2.1.5 നിങ്ങളുടെ വ്യക്തിഗതവും ബിസിനസ് സംബന്ധവുമായ എല്ലാ വിവരങ്ങളും സ്വകാര്യമായും രഹസ്യമായും കൈകാര്യം ചെയ്യുക.**

നിങ്ങളുടെ വ്യക്തിഗതവും ബിസിനസ് സംബന്ധവുമായ എല്ലാ വിവരങ്ങളും താഴെ കൊടുത്തിരിക്കുന്ന 4-ാം നമ്പർ ഖണ്ഡികയിൽ പ്രതിപാദിച്ചിരിക്കുന്ന വിഷയങ്ങൾക്ക് വിധേയമായി ഞങ്ങൾ സ്വകാര്യമായും രഹസ്യമായും കൈകാര്യം ചെയ്യുന്നതായിരിക്കും.

**2.1.6 നിയമാവലിയ്ക്ക് പ്രചാരണം നൽകുക**

നിയമാവലിയ്ക്ക് പ്രചാരണം നൽകാനായി ഞങ്ങൾ താഴെപ്പറയുന്ന മാർഗങ്ങൾ അവലംബിക്കുന്നതായിരിക്കും.

എ) നിലവിലുള്ള ഇടപാടുകാർക്ക് ഈ നിയമാവലിയുടെ ഒരു പകർപ്പ് അവർ ആവശ്യപ്പെടുന്നപക്ഷം ബാങ്ക് കൗണ്ടറുകളിലൂടെയോ അല്ലെങ്കിൽ ഇലക്ട്രോണിക് മാദ്ധ്യമത്തിലൂടെയോ അല്ലെങ്കിൽ തപാൽ മാർഗമോ സൗജന്യമായി ലഭ്യമാക്കും.

ബി) എല്ലാ പുതിയ ഇടപാടുകാർക്കും, അവർക്ക് വായ്പാ സൗകര്യം അനുവദിക്കുന്ന അവസരത്തിൽ ഈ നിയമാവലിയുടെ ഒരു പകർപ്പ് സൗജന്യമായി ലഭ്യമാക്കും.

സി) ഓരോ ശാഖയിലും ഞങ്ങളുടെ വെബ്സൈറ്റിലും ഈ നിയമാവലി സൂക്ഷ്മ പഠനത്തിനായി ലഭ്യമാക്കും.

ഡി) ഈ നിയമാവലിയെക്കുറിച്ചുള്ള പ്രസക്തമായ വിവരങ്ങൾ നൽകാനും നിയമാവലി ഫലവത്തായി പ്രവൃത്തിമാർഗത്തിൽ കൊണ്ടുവരാനും ഞങ്ങളുടെ സ്റ്റാഫംഗങ്ങൾക്ക് പരിശീലനം സിദ്ധിച്ചിട്ടുണ്ടെന്നത് ഉറപ്പ് വരുത്തും.

ഇ) ഈ നിയമാവലിയെയും അതിലെ വ്യവസ്ഥകളെയും കുറിച്ച് ഇടപാടുകാരിൽ അവബോധം വളർത്താനായി മറ്റ് നടപടികൾ സ്വീകരിക്കും.

**2.1.7 ഒരു വിവേചനരഹിത നയം അംഗീകരിക്കുകയും താഴെപ്പറയുംവിധം അത് പ്രയോഗത്തിൽ കൊണ്ടുവരികയും ചെയ്യുക.**

ഒരു സംരംഭത്തിന്റെ പ്രായോജകർ / പ്രൊപ്രൈറ്റർ / പങ്കാളികൾ എന്നിവരോട് അവരുടെ പ്രായം, വർഗം, ലിംഗം, വൈവാഹിക പദവി, മതം എന്നിവയുടെയോ, അല്ലെങ്കിൽ അവർക്ക് ശാരീരിക അവശത എന്തെങ്കിലുമുണ്ടെങ്കിൽ അതിന്റെയോ അടിസ്ഥാനത്തിലുള്ള മുൻവിധികൾ വെച്ചുകൊണ്ട് വിവേചനപരമായി പെരുമാറുകയില്ല.

# 3. വിവരം അറിയിക്കൽ - സുതാര്യത

താഴെപ്പറയുന്നവയിൽ ഒന്നോ അതിലധികമോ മാർഗങ്ങളുപയോഗിച്ച് പലിശനിരക്കുകൾ, ഫീസുകൾ, ചെലവുകൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ നിങ്ങൾക്ക് അറിയുവാൻ കഴിയുന്നതാണ്.

എ) ഞങ്ങളുടെ ശാഖകളുമായി ബന്ധപ്പെടുകയോ അല്ലെങ്കിൽ ഞങ്ങളുടെ ഹെൽപ്പ് ലൈനുമായി ഫോണിൽ സമ്പർക്കം പുലർത്തുകയോ ചെയ്യുക വഴി.

ബി) ഞങ്ങളുടെ വെബ്സൈറ്റ് നോക്കുക വഴി.

സി) ഞങ്ങളുടെ നിയോഗിക്കപ്പെട്ട സ്റ്റാഫിനെയോ ഹെൽപ്പ് ഡെസ്കിനെയോ ബന്ധപ്പെടുന്നതുവഴി.

ഡി) ഞങ്ങളുടെ ശാഖകളിലും വെബ്സൈറ്റിലും പ്രദർശിപ്പിച്ചിരിക്കുന്ന **ചെലവുവിവര പട്ടിക** പരിശോധിക്കുന്നത് വഴി (തുടർന്നുവരുന്ന 3.3 ഖണ്ഡിക കാണുക)

### 3.1 പൊതുവായ വിഷയങ്ങൾ

താഴെപ്പറയുന്ന പൊതുവായ കാര്യങ്ങളും ഇടപാടുകാർക്കായി ഞങ്ങൾ ചെയ്യുന്നതാണ്:

എ) എംഎസ്ഇ കൾക്ക് ഞങ്ങൾ വിശേഷവിധിയായി ലഭ്യമാക്കിയിരിക്കുന്ന എല്ലാ പദ്ധതികളെയും കുറിച്ചുള്ള വിവരങ്ങൾ നിങ്ങൾക്ക് നൽകുക.

ബി) **ക്യാഷ് ക്രെഡിറ്റ്,** ദീർഘകാല തവണ വായ്പകൾ, **ബിൽ ഡിസ്കൗണ്ടിങ്ങ്/ പർച്ചേസ്,** ജാമ്യപത്രങ്ങൾ, ഋണപത്രങ്ങൾ എന്നിങ്ങനെയുള്ള ഞങ്ങളുടെ വായ്പാ പദ്ധതികളുടെയും ഉത്പന്നങ്ങളുടെയും മുഖ്യസവിശേഷതകളെക്കുറിച്ചും ഞങ്ങളുടെ ഫീസുകൾ, ചെലവുകൾ എന്നിവയെക്കുറിച്ചും നിങ്ങൾക്ക് വിവരം നൽകുകയും വിശദീകരിക്കുകയും ചെയ്യുക.

സി) നിങ്ങൾ തിരഞ്ഞെടുക്കുന്ന ഉത്പന്നത്തെയും സേവനത്തെയും നിങ്ങളുടെ ആവശ്യങ്ങൾക്ക് അനുയോജ്യമായ വിധത്തിൽ പരിഷ്കരിക്കാൻ പരിശ്രമിക്കുക.

ഡി) ഒന്നിലധികം മാർഗങ്ങളിലൂടെ (ഉദാഹരണമായി, ഏറ്റിഎമ്മുകൾ, ഇന്റർനെറ്റ്, ഫോൺ, ശാഖകൾ തുടങ്ങിയവ മുഖേന) ഞങ്ങൾ ഉത്പന്നങ്ങളും സേവനങ്ങളും നിങ്ങൾക്ക് വാഗ്ദാനം ചെയ്യുന്നപക്ഷം അവയെക്കുറിച്ചും, അവയെ സംബന്ധിച്ച കൂടുതൽ കാര്യങ്ങൾ എങ്ങനെ കണ്ടെത്താമെന്നതിനെക്കുറിച്ചും നിങ്ങൾക്ക് പറഞ്ഞുതരിക.

ഇ) നിയമപരമായും ചട്ടപ്രകാരവും ആന്തരികനയപ്രകാരവുമുള്ള ശാസനകളനുസരിച്ച് പ്രവർത്തിക്കാനായി നിങ്ങളുടെ സ്വത്വം, മേൽവിലാസം എന്നിവ തെളിയിക്കാൻ നിങ്ങളിൽ നിന്നും ഞങ്ങൾക്ക് ആവശ്യമായ വിവരങ്ങൾ എന്തൊക്കെയാണെന്ന് നിങ്ങൾക്ക് പറഞ്ഞുതരുക.

## 3.2 പലിശ നിരക്കുകൾ

താഴെപ്പറയുന്നവയെക്കുറിച്ചുള്ള വിവരങ്ങൾ ഞങ്ങൾ നിങ്ങൾക്ക് നൽകുന്നതാണ്

എ) നിങ്ങളുടെ നിക്ഷേപ അക്കൗണ്ടുകൾക്കും വായ്പാ അക്കൗണ്ടുകൾക്കും ബാധകമായ പലിശനിരക്കുകൾ.

ബി) **സ്ഥിരപലിശനിരക്കി**ലുള്ള വായ്പകളുടെ കാര്യത്തിൽ വായ്പാ ഉടമ്പടി പത്രത്തിൽ പലിശ പുന:ക്രമീകരിക്കുന്നതിനെക്കുറിച്ച് എന്തെങ്കിലും നിബന്ധനകൾ ഉണ്ടെങ്കിൽ അതിന്റെ വിശദവിവരങ്ങളും അത് പ്രാബല്യത്തിൽ വരുന്ന തീയതിയും.

സി) അസ്ഥിര പലിശ നിരക്കിലുള്ള വായ്പകളുടെ കാര്യത്തിൽ, നിങ്ങളുടെ അസ്ഥിര നിരക്കുമായി ബന്ധിപ്പിച്ചിരിക്കുന്ന **ആധികാരിക നിരക്ക്** എത്രയെന്നും, നിങ്ങളുടെ വായ്പയിൻമേലുള്ള യഥാർത്ഥ പലിശ നിരക്ക് നിർണ്ണയിക്കുന്നതിനായി ആധികാരിക നിരക്കിന് ബാധകമാക്കിയിരിക്കുന്ന ഇനാം അല്ലെങ്കിൽ കിഴിവ് എത്രയെന്നും.

ഡി) നിങ്ങളുടെ വായ്പ സ്ഥിരപലിശ നിരക്കിൽ നിന്നും അസ്ഥിര പലിശ നിരക്കിലേക്കും, മറിച്ചും പരിവർത്തനം ചെയ്യുവാനുള്ള സ്വാതന്ത്ര്യം നിങ്ങൾക്കുണ്ടോയെന്നും, അങ്ങനെയെങ്കിൽ അതിനായി ഈടാക്കുന്ന ചെലവുകൾ എത്രയെന്നും.

ഇ) നിങ്ങളുടെ നിക്ഷേപങ്ങൾക്ക് ഞങ്ങൾ പലിശ നൽകുകയും, അല്ലെങ്കിൽ നിങ്ങളുടെ വായ്പാ അക്കൗണ്ടുകളിന്മേൽ പലിശ ഈടാക്കുകയും ചെയ്യുന്ന നിയതമായ കാലയളവ്.

എഫ്) നിങ്ങളുടെ നിക്ഷേപ അക്കൗണ്ടുകളിലും വായ്പാ അക്കൗണ്ടുകളിലും ഞങ്ങൾ പലിശയിടുന്നത് എങ്ങനെയെന്നും പലിശ കണക്കാക്കുന്നതെങ്ങനെയെന്നും.

### 3.2.1 പലിശ നിരക്കിലെ മാറ്റങ്ങൾ

ഞങ്ങളുടെ വായ്പാ ഉത്പന്നങ്ങളുടെ പലിശ നിരക്കുകളിൽ വരുന്ന മാറ്റങ്ങളും, അസ്ഥിര പലിശ നിരക്ക് ബന്ധിപ്പിച്ചിരിക്കുന്ന ആധികാരിക നിരക്കിൽ വരുന്ന മാറ്റങ്ങളും, അത് സംബന്ധമായ തീരുമാനം കൈക്കൊണ്ടതിനുശേഷം രണ്ടാഴ്ചക്കാലത്തിനുള്ളിൽ താഴെപ്പറയുന്ന മാർഗ്ഗങ്ങളിൽ ഏതെങ്കിലുമൊന്നിലൂടെ നിങ്ങളെ അറിയിക്കുന്നതായിരിക്കും.

(i) കത്ത്

(ii) ഇ–മെയിൽ

(iii) എസ്എംഎസ്

ഇതിനുംപുറമേ, ഈ വിവരം ഞങ്ങളുടെ ശാഖകളിലെ നോട്ടീസ് ബോർഡുകളിലും കൂടാതെ ഞങ്ങളുടെ വെബ്സൈറ്റിലും ഞങ്ങൾ പ്രദർശിപ്പിക്കുന്നതായിരിക്കും.

**3.3 ചെലവ് വിവരപട്ടിക**

**3.3.1 ഫീസുകളും ചെലവുകളും**

എ) നിങ്ങൾ തിരഞ്ഞെടുക്കുന്ന ഉത്പന്നങ്ങൾക്കും സേവനങ്ങൾക്കും ബാധകമായ എല്ലാ ചെലവുകളെക്കുറിച്ചും ഞങ്ങൾ നിങ്ങളെ അറിയിക്കുന്നതായിരിക്കും.

ബി) ഞങ്ങളുടെ ഫീസുകളും വിവിധ സേവനങ്ങൾക്കായി ഞങ്ങൾ ചുമത്തുന്ന സർവീസ് ചാർജുകളും ബാങ്കിന്റെ ഡയറക്ടർബോർഡോ അല്ലെങ്കിൽ ഇക്കാര്യത്തിൽ തീരുമാനങ്ങളെടുക്കാനായി ബോർഡ് യഥോചിതം അധികാരപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും അധികാരശക്തിയോ അംഗീകരിച്ചിട്ടുള്ളവയാണെന്നതും, അവ **യുക്തിസഹമായ**വയായിരിക്കുമെന്നതും, അവ സമാനശ്രേണിയിലുള്ള ഇടപാടുകാരെ സംബന്ധിച്ചിടത്തോളം വിവേചനരഹിതമായിരിക്കുമെന്നതും ഞങ്ങൾ ഉറപ്പുവരുത്തും.

സി) ഞങ്ങളുടെ ചെലവുവിവരപട്ടിക ഞങ്ങൾ ഞങ്ങളുടെ വെബ്സൈറ്റിൽ പ്രദർശിപ്പിക്കുന്നതും അതിന്റെ ഒരു പകർപ്പ് നിങ്ങളുടെ സൂക്ഷ്മ പരിശോധനയ്ക്കായി ഓരോ ശാഖയിലും ലഭ്യമാക്കുന്നതുമായിരിക്കും.

ഡി) ഞങ്ങൾ സൗജന്യമായി നൽകുന്ന സേവനങ്ങളുടെ ഒരു പട്ടിക ഞങ്ങളുടെ വെബ്സൈറ്റിലും ഞങ്ങളുടെ ശാഖകളിലും പ്രദർശിപ്പിക്കുന്നതായിരിക്കും.

ഇ) കൂടാതെ, നിങ്ങൾ തിരഞ്ഞെടുത്ത ഉത്പന്നങ്ങളുടെയും / സേവനങ്ങളുടെയും അടിസ്ഥാനമായി വർത്തിക്കുന്ന ഏതെങ്കിലും വ്യവസ്ഥകളും നിബന്ധനകളും നിങ്ങൾ പാലിക്കാതിരിക്കുകയോ / ലംഘിക്കുകയോ ചെയ്യുന്നപക്ഷം ഈടാക്കുന്ന പിഴകളെക്കുറിച്ചുള്ള വിവരങ്ങളും ഞങ്ങൾ ലഭ്യമാക്കുന്നതായിരിക്കും.

എഫ്) ബാങ്ക് അല്ലെങ്കിൽ ബാങ്ക് ശാഖ അതിന്റെ സാങ്കേതികവിദ്യയുടെ പദവി ഉയർത്തുന്നതിന്റെ പേരിൽ ഞങ്ങൾ ഒരു ചെലവും ഈടാക്കുന്നതല്ല.

**3.3.2 ഫീസുകളിലും ചെലവുകളിലും വരുത്തുന്ന മാറ്റങ്ങൾ**

ഞങ്ങൾ ഏതെങ്കിലും ഫീസ് അല്ലെങ്കിൽ ചെലവ് വർദ്ധിപ്പിക്കുകയാണെങ്കിലോ അല്ലെങ്കിൽ ഒരു പുതിയ ഫീസ് അല്ലെങ്കിൽ ചെലവ് അവതരിപ്പിക്കുകയാണെ

ങ്കിലോ അല്ലെങ്കിൽ പ്രാബല്യത്തിൽ കൊണ്ടുവരികയാണെങ്കിലോ അക്കാര്യം അക്കൗണ്ട് സ്റ്റേറ്റ്മെന്റുകൾ / ഇമെയിൽ / എസ്എംഎസ് / ശാഖകളിലെ നോട്ടീസ് ബോർഡുകൾ എന്നിവയിലൂടെ പുതുക്കിയ നിരക്കുകൾ പ്രാബല്യത്തിൽ വരുന്നതിന് ഒരു മാസം മുൻപ് നിങ്ങളെ അറിയിക്കുന്നതായിരിക്കും. ഇത് സംബന്ധമായ വിവരങ്ങൾ ഞങ്ങളുടെ വെബ്സൈറ്റിലും ലഭ്യമാക്കുന്നതായിരിക്കും.

### 3.4 വ്യവസ്ഥകളും നിബന്ധനകളും

എ) നിങ്ങൾക്ക് ലഭ്യമാക്കാൻ നിങ്ങൾ ഞങ്ങളോട് അഭ്യർത്ഥിച്ചിരിക്കുന്ന ഉത്പന്നങ്ങൾക്കും സേവനങ്ങൾക്കും ബാധകമായിട്ടുള്ള പ്രസക്തമായ വ്യവസ്ഥകളും നിബന്ധനകളും നിങ്ങൾക്ക് പറഞ്ഞുതരുന്നതായിരിക്കും.

ബി) എല്ലാ വ്യവസ്ഥകളും നിബന്ധനകളും നീതിപൂർവ്വമായവയും, അവ ഓരോരോ അവകാശങ്ങൾ, ബാദ്ധ്യതകൾ, ചുമതലകൾ എന്നിവ സുവ്യക്തമായും, കഴിയുന്നിടത്തോളം സരളവും ലളിതവുമായ ഭാഷയിലും ക്രമമായി അവതരിപ്പിച്ചിട്ടുള്ളവയുമായിരിക്കും.

### 3.4.1 വ്യവസ്ഥകളിലും നിബന്ധനകളിലും വരുത്തുന്ന മാറ്റങ്ങൾ

എ) വ്യവസ്ഥകളിലും നിബന്ധനകളിലും വരുത്തുന്ന മാറ്റങ്ങൾ, പരിഷ്കരിച്ച വ്യവസ്ഥകളും നിബന്ധനകളും പ്രാബല്യത്തിൽ വരുന്നതിന് ഒരുമാസം മുൻപ് താഴെപ്പറയുന്നവയിൽ ഏതെങ്കിലുമൊരു മാദ്ധ്യമത്തിലൂടെ ഞങ്ങൾ നിങ്ങളെ അറിയിക്കുന്നതായിരിക്കും.

(i) കത്ത്
(ii) അക്കൗണ്ട് സ്റ്റേറ്റ്മെന്റുകൾ
(ii) എസ്എംഎസ്-കൾ
(iv) ഇ-മെയിൽ

എല്ലാ ഇടപാടുകാർക്കും പൊതുവിൽ ബാധകമായ മാറ്റങ്ങളുണ്ടെങ്കിൽ ആ വിവരവും ഞങ്ങളുടെ ശാഖകളിലെ നോട്ടീസ് ബോർഡുകളിലും ഞങ്ങളുടെ വെബ്സൈറ്റിലും പ്രദർശിപ്പിക്കുന്നതായിരിക്കും.

ബി) സാധാരണയായി മാറ്റങ്ങൾ വരുത്തുന്നത് ഒരുമാസത്തെ മുന്നറിവ് നൽകി മുൻകാല പ്രാബല്യത്തോടെയായിരിക്കും.

സി) മുന്നറിവ് നൽകാതെ ഞങ്ങൾ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടെങ്കിൽ മുപ്പത് ദിവസത്തിനകം ആ മാറ്റം ഞങ്ങൾ അറിയിക്കുന്നതായിരിക്കും. അത്തരം മാറ്റം നിങ്ങൾക്ക് ദോഷകരമാണെങ്കിൽ മുന്നറിവ് ലഭിച്ച് അറുപത് ദിവസത്തിനകം

നിങ്ങൾക്ക് നിങ്ങളുടെ അക്കൗണ്ട് അവസാനിപ്പിക്കുകയോ, അല്ലെങ്കിൽ പുതുക്കിയ നിരക്കിലുള്ള ചെലവോ പലിശയോ നൽകേണ്ടതില്ലാത്ത മറ്റേതെങ്കിലും അനുയോജ്യമായ അക്കൗണ്ടിലേക്ക് ഗതി മാറുകയോ ചെയ്യാവുന്നതാണ്.

## 4. സ്വകാര്യതയും രഹസ്യസ്വഭാവവും

എ) നിങ്ങളുടെ വ്യക്തിഗതവും ബിസിനസ് സംബന്ധവുമായ എല്ലാ വിവരങ്ങളും ഞങ്ങൾ സ്വകാര്യമായും രഹസ്യമായും കൈകാര്യം ചെയ്യുന്നതും (നിങ്ങൾ ഞങ്ങളുടെ ഒരു ഇടപാടുകാരനല്ലാതായിത്തീർന്നതിനുശേഷംപോലും) താഴെപ്പറയുന്ന തത്ത്വങ്ങളും

നയങ്ങളും ഞങ്ങൾ പിൻതുടരുന്നതുമായിരിക്കും. നിങ്ങളുടെ അക്കൗണ്ടുകളുമായി ബന്ധപ്പെട്ട എന്തെങ്കിലും വിവരമോ സ്ഥിതിവിവരമോ, അവ നിങ്ങൾ നൽകിയതാണെങ്കിലും അല്ലെങ്കിലും, ഞങ്ങളുടെ സംഘത്തിൽപ്പെട്ട മറ്റ് കമ്പനികൾ / സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള ആരോടും താഴെപ്പറയുന്ന അസാമാന്യമായ സാഹചര്യങ്ങളിലൊഴികെ ഞങ്ങൾ വെളിപ്പെടുത്തുന്നതല്ല:

(i) ഏതെങ്കിലും വിവരം നിയമനടപടികൾക്ക് ആവശ്യമായി വരികയോ അല്ലെങ്കിൽ ബാങ്കിംങ് വ്യവസ്ഥയെ നിയന്ത്രിക്കുന്ന സംവിധാനത്തിന് ആവശ്യമായി വരികയോ ചെയ്യുന്നപക്ഷം ഞങ്ങൾ വെളിപ്പെടുത്തേണ്ടതുണ്ടെങ്കിൽ.

(ii) പൊതുജന താത്പര്യാർത്ഥം ഏതെങ്കിലും വിവരം വെളിപ്പെടുത്തേണ്ടുന്നത് ഒരു കടമയായിത്തീർന്നാൽ.

(iii) ഏതെങ്കിലും വിവരം നൽകേണ്ടുന്നത് ഞങ്ങളുടെ താത്പര്യങ്ങൾക്ക് ആവശ്യമെന്ന് കണ്ടാൽ (ഉദാഹരണത്തിന് ഒരു തട്ടിപ്പ് തടയുവാനായി). എന്നാൽ നിങ്ങളെക്കുറിച്ചോ അല്ലെങ്കിൽ നിങ്ങളുടെ അക്കൗണ്ടുകളെക്കുറിച്ചോ ഉള്ള വിവരങ്ങൾ (നിങ്ങളുടെ പേരും മേൽവിലാസവുമുൾപ്പെടെ) ഞങ്ങളുടെ സംഘത്തിൽപ്പെടുന്ന മറ്റ് കമ്പനികൾ ഉൾപ്പെടെയുള്ള ആർക്കെങ്കിലും നൽകുന്നതിനുള്ള ഒരു കാരണമായി ഇതിനെ ഞങ്ങൾ ഉപയോഗിക്കുകയില്ല.

(iv) വിവരം വെളിപ്പെടുത്താൻ നിങ്ങൾ ഞങ്ങളെ അധികാരപ്പെടുത്തുകയാണെങ്കിൽ.

ബി) നിങ്ങൾ ഞങ്ങളെ പ്രത്യേകമായി അധികാരപ്പെടുത്താത്തപക്ഷം നിങ്ങളുടെ വ്യക്തിഗതവും ബിസിനസ് സംബന്ധവുമായ വിവരങ്ങൾ ഞങ്ങളുൾപ്പെടെയുള്ള ആരുടെയും വിപണന ആവശ്യങ്ങൾക്കായി ഉപയോഗിക്കുകയില്ല.

## 4.1 ക്രെഡിറ്റ് ഇൻഫർമേഷൻ കമ്പനികൾ

എ) നിങ്ങൾ ഒരു വായ്പാ സൗകര്യത്തിനായി അപേക്ഷിക്കുമ്പോൾ **ക്രെഡിറ്റ് ഇൻഫർമേഷൻ കമ്പനികൾ** (സിഐെസി)-കൾ) വഹിക്കുന്ന പങ്കിനെക്കുറിച്ചും, അവരോട് ഞങ്ങൾ നടത്തിയേക്കാവുന്ന അന്വേഷണത്തെക്കുറിച്ചും, നിങ്ങൾക്ക് വായ്പാ സൗകര്യങ്ങൾ അനുവദിക്കുന്ന കാര്യത്തിൽ ഞങ്ങൾ എടുക്കാൻ പോകുന്ന തീരുമാനത്തിനുമേൽ അവർ നൽകുന്ന വിവരം ചെലുത്തിയേക്കാവുന്ന സ്വാധീനത്തെക്കുറിച്ചും ഞങ്ങൾ നിങ്ങളോട് വിശദീകരിക്കുന്നതായിരിക്കും.

ബി) നിങ്ങൾ ഒരു വായ്പാ സൗകര്യം ഞങ്ങളിൽ നിന്നും സ്വീകരിക്കുമ്പോൾ വായ്പയുടെ വിശദാംശങ്ങൾ ഞങ്ങൾ സിഐെസി-കളെ ഗ്രഹിപ്പിക്കുന്നതായിരിക്കും.

സി) ഞങ്ങളിൽ നിന്നും സ്വീകരിച്ചിട്ടുള്ള വായ്പകളെക്കുറിച്ചുള്ള ഏറ്റവും പുതിയ കാര്യങ്ങൾ ഞങ്ങൾ നിയതമായ ഇടവേളകളിൽ സിഐെസി-കളെ ഗ്രഹിപ്പിക്കുന്നതായിരിക്കും.

ഡി) സിഐെസി-കളെ ഗ്രഹിപ്പിച്ച വിവരങ്ങളിൽ നിങ്ങൾ ഞങ്ങൾക്ക് വീട്ടിത്തീർക്കാനുള്ള വ്യക്തിഗതകടങ്ങളെക്കുറിച്ചുള്ള വിവരങ്ങളുംകൂടി താഴെപ്പറയുന്ന സാഹചര്യങ്ങളിൽപോലും ഉൾപ്പെട്ടിരിയ്ക്കും.

(ശ) നിങ്ങളുടെ തിരിച്ചടവുകളിൽ നിങ്ങൾ പിന്നിലായിപ്പോകുമ്പോൾ
(ശശ) വീട്ടിത്തീർക്കാനുള്ള തുക ഒരു തർക്കവിഷയമായിരിക്കുമ്പോൾ

ഇ) നിങ്ങളുടെ വായ്പാ അക്കൗണ്ടിൽ തിരിച്ചടവ് മുടങ്ങിപ്പോയതിനുശേഷം പിന്നീട് അത് ക്രമപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആ വിവരം സിഐെസി-കൾക്കുള്ള അടുത്ത റിപ്പോർട്ടിൽ ഞങ്ങൾ ഉൾപ്പെടുത്തുന്നതായിരിക്കും.

എഫ്) നിങ്ങളുടെ അക്കൗണ്ട് ഒരു കാലഘട്ടത്തിൽ 'സബ്-സ്റ്റാൻഡേർഡ്' (നിലവാരം കുറഞ്ഞ) വിഭാഗത്തിലായിരുന്നതിനുശേഷം 'സ്റ്റാൻഡേർഡ്' (നിശ്ചിതനിലവാരമുള്ള) വിഭാഗത്തിലേക്ക് ഉയർന്നുകഴിയുമ്പോഴോ / അല്ലെങ്കിൽ അക്കൗണ്ട് ക്രമപ്പെടുത്തിയതിനുശേഷം / ഞങ്ങൾക്ക് തൃപ്തികരമാംവിധത്തിൽ അവസാനിപ്പിച്ചതിനുശേഷം
ഉടനടിയോ ഞങ്ങൾ നിങ്ങളുടെ അക്കൗണ്ടിലെ ഏറ്റവും പുതിയ വിവരങ്ങൾ സിഐെസി-കളെ ധരിപ്പിക്കുന്നതായിരിക്കും.

ജി) നിങ്ങൾ അപേക്ഷ നൽകുകയും നിർദ്ദിഷ്ടഫീസ് അടക്കുകയും ചെയ്യുകയാണെങ്കിൽ സിഐെസി-യിൽ നിന്നും നിങ്ങളുടെ വാണിജ്യവിശ്വസനീയതയെക്കുറിച്ച് ഞങ്ങൾക്ക് ലഭിച്ച വിവരത്തിന്റെ ഒരു പകർപ്പ് നിങ്ങൾക്ക് നൽകുന്നതായിരിക്കും.

എച്ച്) സിഐസി-യുടെ പക്കൽ നിങ്ങളുടെ വാണിജ്യവിശ്വസനീയത സംബന്ധിച്ച് പ്രതികൂലമായ രേഖയാണുള്ളതെങ്കിൽ അതിന്റെ അനിഷ്ടകരമായ അനന്തര ഫലങ്ങളെക്കുറിച്ചും, ഒറ്റത്തവണതീർപ്പാക്കൽ പദ്ധതിയിലൂടെ ഞങ്ങളുടെ ബാങ്കിലെ വായ്പാ ഇടപാട് നിങ്ങൾ അവസാനിപ്പിക്കുമ്പോൾ ഭാവിയിൽ ഞങ്ങളിൽ നിന്നോ അല്ലെങ്കിൽ മറ്റ് ബാങ്കുകളിൽ നിന്നോ വായ്പ ലഭിക്കാനുള്ള നിങ്ങളുടെ യോഗ്യതയെ അവ എങ്ങനെ പ്രതികൂലമായി ബാധിക്കുമെന്നതിനെക്കുറിച്ചും ഞങ്ങൾ നിങ്ങൾക്ക് വിശദീകരിച്ചു തരുന്നതാണ്.

## 5. വായ്പാ വിതരണം

എ) ഞങ്ങളുടെ വായ്പാ നയം ദേശീയ നയത്തിന്റെയും ബാങ്കിംഗ് നിയന്ത്രണാധികാരത്തിന്റെ ആജ്ഞയുടെയും ലക്ഷ്യങ്ങളും ജീവചൈതന്യവും പ്രതിഫലിപ്പിക്കുന്ന ഒന്നായിരിക്കും. ഒരു ഏകജാലകസംവിധാനത്തിലൂടെ വായ്പാ സൗകര്യങ്ങൾ ലഭ്യമാക്കാൻ ഞങ്ങൾ പരിശ്രമിക്കുന്നതായിരിക്കും.

ബി) **സൂക്ഷ്മ, ചെറുകിട സംരംഭങ്ങൾ**ക്കായും **പുനരധിവാസ**ത്തിനായും വായ്പകൾ നൽകുന്നതുമായി ബന്ധപ്പെട്ട നയം ഞങ്ങൾ സ്വന്തം വെബ്സൈറ്റിൽ വിന്യസിക്കുന്നതും അത് നിങ്ങളുടെ സൂക്ഷ്മ പരിശോധനയ്ക്കായി നിങ്ങളുടെ ബാങ്ക് ശാഖയിൽ ലഭ്യമാക്കുന്നതുമാണ്. ആരെങ്കിലും അഭ്യർത്ഥിക്കുന്നപക്ഷം ഒരു നാമമാത്രമായ വിലയ്ക്ക് അതിന്റെ ഒരു പകർപ്പ് ഞങ്ങൾ നൽകുന്നതാണ്.

സി) നിങ്ങളുടെ കാര്യത്തിൽ ബാധകമാണെന്ന് കാണുന്ന പക്ഷം ക്രെഡിറ്റ് ഗ്യാരന്റി ഫണ്ട് ട്രസ്റ്റിന്റെ സൂക്ഷ്മ, ചെറുകിട സംരംഭങ്ങൾക്കായുള്ള ക്രെഡിറ്റ് ഗ്യാരന്റി സ്കീം വഴി ലഭിക്കുന്ന പ്രയോജനങ്ങൾ, അവയ്ക്കായി നൽകേണ്ട ചെലവുകൾ, വ്യവസ്ഥകൾ എന്നിവയുൾപ്പെടെയുള്ള സവിശേഷതകളെക്കുറിച്ച് ഞങ്ങൾ നിങ്ങളെ അറിയിക്കും. ഇതിനായി അധികാരപ്പെടുത്തപ്പെട്ട ബാങ്കുകൾ അനുവദിച്ചു നൽകുന്നതും

എംഎസ്ഇ കൾക്കായുള്ള സിജിടിഎംഎസ്ഇ ഗ്യാരന്റി സ്കീം എന്ന ചുരുക്കപ്പേരിൽ സാമാന്യമായി അറിയപ്പെടുന്നതുമായ ഈ പദ്ധതി ഇപ്പോൾ സേവനസംരംഭങ്ങൾ ഉൾപ്പെടെയുള്ള പുതിയതും നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതുമായ സൂക്ഷ്മ, ചെറുകിട സംരംഭങ്ങൾ (ചെറുകിട വ്യാപാരം, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പരിശീലന സ്ഥാപനങ്ങൾ, സ്വയം സഹായ സംഘങ്ങൾ (എസ്എച്ച്ജികൾ) എന്നിവ ഒഴികെയുള്ള)ക്ക് ഇപ്പോൾ ലഭ്യമാണ്. ഒരു സംരംഭത്തിന്റെ പരമാവധി 100 ലക്ഷം (നൂറ് ലക്ഷം രൂപ) രൂപ വരെയുള്ള വായ്പയ്ക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതാണ്.

ഡി) മറ്റേതെങ്കിലും ക്രെഡിറ്റ് ഗ്യാരന്റി സ്കീമിന്റെയോ അല്ലെങ്കിൽ പ്രാബല്യത്തിലിരിക്കുന്ന ഏതെങ്കിലും സബ്സിഡി സ്കീമുകളുടെയോ സംരക്ഷണം ലഭിക്കാൻ ഒരു വായ്പയ്ക്ക് അർഹതയുള്ളതായി കാണുന്നപക്ഷം അത്തരം സ്കീമിന്റെ സവിശേഷതകളെക്കുറിച്ചും, നിങ്ങൾ അതിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കാനായി എന്തെങ്കിലും ചെയ്യേണ്ടതുണ്ടെങ്കിൽ അതിനെക്കുറിച്ചും ഞങ്ങൾ നിങ്ങൾക്ക് വിശദീകരിച്ചു തരുന്നതാണ്.

ഇ) ഭാവിയിൽ വായ്പയെടുക്കാൻ ആഗ്രഹിക്കുന്നവർക്കായി ധനകാര്യ നിർവഹണത്തിലെ അവരുടെ അറിവ് വർദ്ധിപ്പിക്കാനാവശ്യമായ ബോധന പരിപാടികൾ സംഘടിപ്പിക്കാൻ ഞങ്ങൾ പരിശ്രമിക്കുന്നതാണ്.

എഫ്) ആശയങ്ങളുടെയും നിർദ്ദേശങ്ങളുടെയും വിനിമയത്തിനായുള്ള ഒരു സ്ഥിരം വേദിയെന്ന നിലയിൽ നിയതമായ ഇടവേളകളിൽ എംഎസ്ഇ ഇടപാടുകാരുടെ യോഗങ്ങൾ സംഘടിപ്പിക്കാൻ ഞങ്ങൾ പരിശ്രമിക്കുന്നതാണ്.

**5.1 വായ്പാപേക്ഷ**

വായ്പകൾ ലഭിക്കാനാഗ്രഹിക്കുന്നവർക്കായി ഞങ്ങൾ താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കും:

എ) ലളിതവും ഏകീഭാവത്തിലുള്ളതും അനായാസം മനസ്സിലാക്കാൻ കഴിയുന്നതുമായ വായ്പാ അപേക്ഷാഫോറങ്ങൾ ഞങ്ങൾ സൗജന്യമായി ലഭ്യമാക്കുന്നതാണ്.

ബി) അപേക്ഷാഫോറം സമ്പൂർണ്ണവും കുറ്റമറ്റതുമായ വിധത്തിൽ സമർപ്പിക്കാൻ നിങ്ങളെ സഹായിക്കുന്നതിലേക്കായി അപേക്ഷാഫോറത്തിനോടൊപ്പം നിങ്ങൾ ഹാജരാക്കേണ്ട രേഖകളുടെ (നിയമാനുസരണവും വ്യവസ്ഥാപിതവുമായ ആവശ്യങ്ങൾക്കുവേണ്ടി) ഒരു ഒത്തുനോക്കു പട്ടിക (ചെക്ക് ലിസ്റ്റ്) നിങ്ങൾക്ക് നൽകുന്നതാണ്. ആവശ്യമെങ്കിൽ അപേക്ഷാഫോറം പൂരിപ്പിക്കുന്നതിന് ഞങ്ങൾ നിങ്ങളെ സഹായിക്കുന്നതുമാണ്.

സി) അപേക്ഷാഫോറം നിങ്ങൾക്ക് ലഭ്യമാക്കുന്ന അവസരത്തിൽ വായ്പയ്ക്ക് ബാധകമായ പലിശ നിരക്കുകൾ, ഒരു വർഷത്തേക്ക് കണക്കാക്കിയിരിക്കുന്ന പലിശ നിരക്കുകൾ, അപേക്ഷ കൈകാര്യം ചെയ്യുന്നതിനായി എന്തെങ്കിലും ഫീസുകളോ ചെലവുകളോ ഉണ്ടെങ്കിൽ അവ, മുൻകൂട്ടി തിരിച്ചടക്കാനുള്ള സൗകര്യങ്ങൾ, അതിനായി എന്തെങ്കിലും ചെലവുകളുണ്ടെങ്കിൽ അവ, സിജിടി എംഎസ്ഇ ഗാരന്റിപോലുള്ള മറ്റേതെങ്കിലും കാര്യങ്ങൾ എന്നിങ്ങനെയുള്ള വിവരങ്ങൾ ഞങ്ങൾ നൽകുന്നതാണ്. അങ്ങനെ മറ്റ് ബാങ്കുകളുടെ നിരക്കുകളും / ഫീസുകളുമായി അർത്ഥപൂർണമായ

ഒരു താരതമ്യപഠനം നടത്താൻ നിങ്ങൾക്ക് കഴിയുകയും തുടർന്ന് ഇക്കാര്യത്തിൽ ഒരു വിവേകപൂർവമായ തീരുമാനമെടുക്കാൻ നിങ്ങൾക്ക് സാധിക്കുകയും ചെയ്യുന്നു.

ഡി) അപേക്ഷാഫോറം നിങ്ങൾ കൈകൊണ്ട് പൂരിപ്പിച്ച് നൽകിയതായാലും ഓൺലൈൻവഴി അയച്ചതായാലും അത് കൈപറ്റിയവിവരം നിങ്ങളെ അറിയിക്കുകയും അപേക്ഷയിൽ തീരുമാനമെടുക്കാൻ വേണ്ട കാലയളവ് എത്രയെന്ന് അറിയിപ്പിൽ സൂചിപ്പിക്കുകയും ചെയ്യുന്നതാണ്.

ഇ) സാധാരണയായി വായ്പാ സൗകര്യത്തിനായുള്ള അപേക്ഷ കൈകാര്യം ചെയ്യുവാനാവശ്യമായ എല്ലാ വിവരങ്ങളും അപേക്ഷ സമർപ്പിക്കുന്ന സമയത്ത് ഞങ്ങൾ ശേഖരിക്കുന്നതാണ്. കൂടുതലായി എന്തെങ്കിലും വിവരം ഞങ്ങൾക്കാവശ്യമുണ്ടെങ്കിൽ, നിങ്ങളുടെ അപേക്ഷ ലഭിച്ച് ഏഴ് പ്രവൃത്തിദിവസങ്ങൾക്കുള്ളിൽ ഞങ്ങൾ നിങ്ങളെ ബന്ധപ്പെടുന്നതായിരിക്കും.

എഫ്) തൃപ്തികരമാംവിധം കൈകാര്യം ചെയ്തുപോരുന്ന നിലവിലുള്ള ഒരു വായ്പ പുതുക്കുന്ന സമയത്ത് ഞങ്ങളുടെ കൈവശം ഇതിനകം ലഭ്യമല്ലാത്ത വിവരങ്ങൾ മാത്രം അധികമായി നിങ്ങളുടെ പക്കൽനിന്നും ലഭിക്കാൻ ഞങ്ങൾ താത്പര്യപ്പെടുന്നതാണ്.

ജി) നിങ്ങൾ എടുക്കാനാഗ്രഹിക്കുന്ന വായ്പയ്ക്ക് / വായ്പാ സൗകര്യത്തിന് ബാധകമായ ഏറ്റവും പ്രധാനപ്പെട്ട വ്യവസ്ഥകളും നിബന്ധനകളും നിങ്ങൾക്കു ലഭ്യമാക്കുന്നതാണ്.

എച്ച്) നിങ്ങളുടെ അപേക്ഷ കൈകാര്യം ചെയ്യുന്നത് ഏത് ഘട്ടത്തിലെത്തിയെന്ന വിവരം നിങ്ങൾ അറിഞ്ഞിരിക്കാൻ ആവശ്യമായത് ചെയ്യുന്നതാണ്.

ഐ) അനുവദിച്ചാലും ഇല്ലെങ്കിലും അഞ്ച് ലക്ഷം രൂപയ്ക്ക് വരെയുള്ള വായ്പാ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിലേക്കായി ഞങ്ങൾ ഒരു തരത്തിലുള്ള ഫീസും ഈടാക്കുന്നതല്ല.

ജെ) നിങ്ങളുടെ അപേക്ഷ കുറ്റമറ്റതും സമ്പൂർണ്ണവുമാണെന്നും, 'ഒത്തുനോക്കു പട്ടിക' പ്രകാരമുള്ള രേഖകൾ അതിനോടൊപ്പം സമർപ്പിച്ചിട്ടുണ്ടെന്നും കാണുന്നപക്ഷം, ഒരു വായ്പാപരിധിയ്ക്കുവേണ്ടിയോ അല്ലെങ്കിൽ നിലവിലുള്ള വായ്പാ പരിധി വർദ്ധിപ്പിച്ചു കിട്ടുന്നതിനുവേണ്ടിയോ നിങ്ങൾ സമർപ്പിച്ച അപേക്ഷയിൻമേൽ അത് ലഭിച്ച തീയതിക്കുശേഷം താഴെപ്പറയുന്ന കാലയളവിനുള്ളിൽ തീരുമാനം കൈക്കൊള്ളുന്നതായിരുന്നതായിരിക്കും: 5 ലക്ഷം രൂപ വരെ-രണ്ടാഴ്ചക്കുള്ളിൽ, 5

ലക്ഷം രൂപ മുതൽ 25 ലക്ഷം രൂപവരെ-മൂന്നാഴ്ചയ്ക്കുള്ളിൽ; 25 ലക്ഷം രൂപയ്ക്ക് മുകളിൽ - ആറാഴ്ചക്കുള്ളിൽ

**5.2 വായ്പാപേക്ഷയുടെ മൂല്യനിർണ്ണയം**

എ) വായ്പാപേക്ഷയുടെ മൂല്യനിർണ്ണയം നടത്താനായി താഴെപ്പറയുന്ന കാര്യങ്ങളായി രിക്കും ഞങ്ങൾ ചെയ്യുക

(i) നിങ്ങളുടെ അപേക്ഷയിൽ നിങ്ങൾ നൽകിയിരിക്കുന്ന വിവരങ്ങൾ ശരിയാ ണോയെന്ന് പരിശോധിക്കാനായി നിങ്ങൾ ബിസിനസ് നടത്തുന്ന സ്ഥലം / നിങ്ങളുടെ വീട് സന്ദർശിച്ച് ഞങ്ങളുടെ സ്റ്റാഫംഗങ്ങളോ ഞങ്ങൾ നിയമിച്ചി ട്ടുള്ള പ്രതിനിധികളോ നിങ്ങളെ ബന്ധപ്പെടുന്നതാണ്.

(ii) നിങ്ങൾക്ക് എന്തെങ്കിലും തുക വായ്പ നൽകുകയോ, അല്ലെങ്കിൽ നിങ്ങളുടെ ഓവർഡ്രാഫ്ടിന്റെ അല്ലെങ്കിൽ വായ്പയുടെ പരിധി ഉയർത്തി നൽകുകയോ ചെയ്യുന്നതിനും മുൻപ് ഞങ്ങൾ തക്കതായ ജാഗ്രതയോടെ വിശദമായ മൂല്യ നിർണയം നടത്തി നിങ്ങളുടെ വായ്പാപേക്ഷയെ യഥായോഗ്യം വിലയിരുത്തു ന്നതാണ്.

(iii) നിങ്ങളുടെ സംരംഭത്തിന്റെ ഭാവി ധനകാര്യപുരോഗതിയെക്കുറിച്ച് നിങ്ങൾ നൽകിയിരിക്കുന്ന രൂപരേഖയുടെ യുക്തിയുക്തത പരിശോധിച്ച് ഞങ്ങൾ സ്വയം സംശയനിവൃത്തി വരുത്തുന്നതാണ്.

(iv) നിങ്ങൾ ആവശ്യപ്പെട്ടിരിക്കുന്ന വായ്പയുടെ മൂല്യനിർണയം നടത്തുമ്പോൾ, ഒരു വർഷക്കാലയളവിൽ നിങ്ങളുടെ ബിസിനസിനും പ്രവർത്തനത്തിനും അനു യോജ്യമായ പ്രത്യേക സമയം അല്ലെങ്കിൽ കാലപരിവൃത്തി ഞങ്ങൾ കണക്കി ലെടുക്കുന്നതാണ്. ആവശ്യം വരുന്ന സന്ദർഭങ്ങളിൽ ഉയർന്ന വായ്പാപരി ധിയും താഴ്ന്ന വായ്പാപരിധിയും പ്രത്യേകം നിശ്ചയിച്ച് നൽകുന്നതാണ്.

ബി) നീതിപൂർവ്വമായ ഒരു വിലയിരുത്തൽ നടത്താനായി താഴെപ്പറയുന്ന വിവരങ്ങൾ ഞങ്ങൾക്ക് ആവശ്യമായി വരും.

(i) കടം വാങ്ങുന്നതിന്റെ ഉദ്ദേശ്യം

(ii) നിങ്ങളുടെ ബിസിനസ് പ്ലാൻ

(iii) നിങ്ങളുടെ ബിസിനസിന്റെ അകത്തേയ്ക്കും പുറത്തേയ്ക്കുമുള്ള പണത്തിന്റെ ഒഴുക്ക്, ലാഭസാദ്ധ്യത, നിലവിലുള്ള സാമ്പത്തിക ബാദ്ധ്യതകൾ, ആവശ്യമെ ങ്കിൽ ഈ വിവരങ്ങൾ നൽകാൻ കഴിയുന്ന അക്കൗണ്ട് സ്റ്റേറ്റ്മെന്റുകൾ.

(iv) നിങ്ങളുടെ വ്യക്തിഗതമായ സാമ്പത്തിക ബാദ്ധ്യതകൾ

(v) കഴിഞ്ഞ കാലങ്ങളിൽ നിങ്ങളുടെ സാമ്പത്തിക കാര്യങ്ങൾ എങ്ങനെ കൈകാര്യം ചെയ്തിരുന്നുവെന്ന വിവരം.

(vi) ക്രെഡിറ്റ് ഇൻഫർമേഷൻ കമ്പനികളിൽ നിന്നുള്ള വിവരങ്ങൾ.

(vii) പേരെടുത്ത ക്രെഡിറ്റ് റേറ്റിങ്ങ് ഏജൻസികൾ എന്തെങ്കിലും റേറ്റിങ്ങ് നൽകിയിട്ടുണ്ടെങ്കിൽ അതിനെക്കുറിച്ചുള്ള വിവരം.

(viii) മറ്റ് ഉത്തമർണ്ണൻമാർ / കടം മടക്കിക്കിട്ടേണ്ടവർ എന്നിവർ പോലുള്ളവരിൽ നിന്നുമുള്ള വിവരങ്ങൾ

(ix) വിപണിയിൽ നിന്നും ലഭിക്കുന്ന അഭിപ്രായങ്ങൾ

(x) വായ്പയ്ക്ക് **ഈട്** എന്ന നിലയിൽ തൊഴിൽശാലയും യന്ത്ര സംവിധാനവും അല്ലെങ്കിൽ സ്ഥാവരവസ്തുക്കളും വാഗ്ദാനം ചെയ്തിട്ടുണ്ടെങ്കിൽ അവയുടെ വിലനിർണ്ണയ റിപ്പോർട്ട്, നിയമപരമായ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട് എന്നിവ ആവശ്യമാണ്. അവ ഞങ്ങളുടെ അംഗീകൃത എൻജിനീയറിൽ നിന്നും/അഭിഭാഷകനിൽ നിന്നും വാങ്ങിയിരിക്കേണ്ടതാണ്.

(xi) ഈ വായ്പയ്ക്ക് സിജിടിഎംസ് ഇ ഗ്യാരന്റി പദ്ധതി ബാധകമാണെങ്കിൽ പദ്ധതിയിൽ തന്റെ വായ്പ ഉൾപ്പെടുത്തുന്നത് വായ്പാപേക്ഷകന് സമ്മതമാണോ എന്ന വിവരം.

(xii) പ്രസക്തമായ മറ്റെന്തെങ്കിലും വിവരങ്ങൾ.

സി) വായ്പാപേക്ഷയുടെ മൂല്യനിർണ്ണയം നടത്തുമ്പോൾ ഇനിപ്പറയുന്ന കാര്യങ്ങളും ഞങ്ങൾ ചെയ്യുന്നതാണ്.

(i) 10 ലക്ഷം രൂപ വരെയോ, അഥവാ ഭാരതീയ റിസർവ് ബാങ്ക് കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പരിധിവരെയോ ഉള്ള വായ്പകൾക്ക് വസ്തുജാമ്യം ആവശ്യപ്പെടുന്നതല്ല.

(ii) നിങ്ങളുടെ മുൻകാലപ്രവർത്തനവും സാമ്പത്തിക നിലയും മെച്ചവും ഭദ്രവുമാണെന്ന് ഞങ്ങൾക്ക് ബോദ്ധ്യപ്പെടുന്നപക്ഷം ആവശ്യമെങ്കിൽ 25 ലക്ഷം രൂപ വരെയുള്ള വായ്പ വസ്തുജാമ്യമില്ലാതെ തന്നെ നിങ്ങൾക്കു നൽകുന്ന കാര്യം ഞങ്ങൾ പരിഗണിക്കുന്നതാണ്.

(iii) നിങ്ങൾക്ക് നൽകുന്ന വായ്പയുടെ കാര്യത്തിൽ ബാധകമെങ്കിൽ, നിങ്ങൾക്ക് അനുവദിച്ച പരമാവധി 100 ലക്ഷം രൂപ (നൂറ് ലക്ഷം രൂപ) വരെയുള്ള വായ്പ കൾ സൂക്ഷ്മ, ചെറുകിട സംരംഭങ്ങൾക്കായുള്ള ക്രെഡിറ്റ് ഗാരന്റി സ്കീം ഓഫ് ക്രെഡിറ്റ് ഗ്യാരന്റി ഫണ്ട് ട്രസ്റ്റിന്റെ പരിരക്ഷയിൽ ഉൾപ്പെടുത്തുന്നതിനായി നിങ്ങളുടെ അനുവാദം തേടുന്നതാണ്. ഞങ്ങൾ അംഗീകരിച്ച സിജിടിഎംഎ സ്ഇ സ്കീമിന്റെ പരിധിയിൽ ഉൾപ്പെടുത്താൻ അർഹമായ ഒരു വായ്പയാണെ ങ്കിലും നിങ്ങൾക്ക് അതിനു സമ്മതമാണെങ്കിലും. പരമാവധി 100 ലക്ഷം (നൂറ് ലക്ഷം രൂപ) വരെയിള്ള വായ്പകൾക്ക് വസ്തു ജാമ്യമോ അല്ലെങ്കിൽ ഒരു മൂന്നാംകക്ഷിയുടെ ജാമ്യമോ വേണമെന്ന് ഞങ്ങൾ നിർബന്ധിക്കുന്നതല്ല.

(iv) നിങ്ങളുടേത് ഒരു നിർമ്മാണ യൂണിറ്റ് ആണെങ്കിൽ നിങ്ങൾ എടുത്തുകാട്ടുന്ന വാർഷിക വിറ്റുവരവിന്റെ ഏറ്റവും കുറഞ്ഞത് 20 ശതമാനത്തിന്റെ അടിസ്ഥാന ത്തിൽ കണക്കുകൂട്ടി ഒരു പ്രവർത്തനമൂലധനപരിധി നിങ്ങൾക്ക് അനുവദിച്ചു തരുന്നതാണ്.

(v) നിങ്ങളുടെ യൂണിറ്റിലെ ഉത്പാദനം, ധനകാര്യ പുരോഗതിയെക്കുറിച്ച് നിങ്ങൾ നൽകിയിരിക്കുന്ന രൂപരേഖയിൽ പറഞ്ഞിരിക്കുന്നതിനേക്കാളുമധികമാണെന്നു കാണുന്നപക്ഷം, അല്ലെങ്കിൽ പ്രവർത്തനമൂലധനത്തെക്കുറിച്ചുനടത്തിയ പ്രാരംഭ വിലയിരുത്തൽ അപര്യാപ്തമെന്ന് കാണുകയും അതിനാവശ്യമായ തെളിവ് നിങ്ങൾ നൽകുകയും ചെയ്തിട്ടുണ്ടെങ്കിൽ, നിങ്ങളുടെ പ്രവർത്തന മൂലധന പരിധിയിൽ അനുയോജ്യമായ വർദ്ധനവ് അനുവദിച്ചുകിട്ടാനായി നിങ്ങൾ നൽകുന്ന അപേക്ഷ ഞങ്ങൾ പരിഗണിക്കുന്നതാണ്.

**ഡി) ജാമ്യങ്ങൾ**

നിങ്ങളുടെ ബാദ്ധ്യതകൾക്കുള്ള ഉറപ്പിനായി മറ്റാരുടെയെങ്കിലും ഒരു ജാമ്യമോ അല്ലെങ്കിൽ മറ്റേതെങ്കിലും ഈടോ ഞങ്ങൾ സ്വീകരിക്കണമെന്നത് നിങ്ങൾ താത്പര്യപ്പെടു ന്നുവെങ്കിൽ, നിങ്ങൾക്ക് ലഭ്യമാക്കിയിട്ടുള്ള സാമ്പത്തിക സഹായത്തെക്കുറിച്ചുള്ള രഹസ്യ വിവരം അവർക്കോ അവരുടെ നിയമോപദേഷ്ടാവിനോ നൽകാനായി ഞങ്ങൾ നിങ്ങളുടെ അനുവാദം തേടുന്നതാണ്. കൂടാതെ ഞങ്ങൾ :

(i) അവരുടെ ബാദ്ധ്യസ്ഥതയെക്കുറിച്ചും അവരുടെ തീരുമാനത്തിന്റെ സംഭവ്യമായ അനന്തരഫലങ്ങളെക്കുറിച്ചും അവർ മനസ്സിലാക്കുന്നുവെന്നത് ഉറപ്പ് വരുത്താ നായി സ്വതന്ത്രമായ നിയമോപദേശം കൈക്കൊള്ളാൻ ഞങ്ങൾ അവരെ പ്രേരി പ്പിക്കും. (ഉചിതമായ സാഹചര്യങ്ങളിൽ, അവരോട് ഒപ്പിടാനായി ഞങ്ങൾ ആവ ശ്യപ്പെടുന്ന രേഖകളിൽ വ്യക്തവും പ്രകടവുമായ ഒരറിയിപ്പെന്ന നിലയിൽ ഈ ശിപാർശ ഉൾപ്പെട്ടിരിക്കുന്നതാണ്).

(ii) ജാമ്യമോ മറ്റ് ഈടോ നൽകുന്നത് വഴി നിങ്ങളുടെ സ്ഥാപനം / നിങ്ങൾ ഞങ്ങളിൽ നിന്നെടുത്ത വായ്പകൾക്ക് അവരും ബാദ്ധ്യസ്ഥരായിത്തീരുമെന്ന കാര്യം ഞങ്ങൾ അവരെ അറിയിക്കുന്നതാണ്.

(iii) അനുവദിച്ച വായ്പയുടെ വ്യവസ്ഥകളുടെയും നിബന്ധനകളുടെയും / വായ്പാ ഉടമ്പടി പത്രത്തിന്റെയും ഒരു പകർപ്പ് ജാമ്യക്കാരന് നൽകുന്നതാണ്.

(iv) നിങ്ങളുടെ ദീർഘകാല വായ്പകളുടെയും / ഹ്രസ്വകാലവായ്പകളുടെയും വാർഷിക അക്കൗണ്ട് സ്റ്റേറ്റ്മെന്റിന്റെ ഒരു പകർപ്പ് നിങ്ങളുടെ ജാമ്യക്കാരന് / ജാമ്യക്കാർക്ക് അയച്ചുകൊടുക്കുന്നതാണ്.

### 5.3 അനുവദിക്കൽ / തിരസ്കരിക്കൽ

വായ്പാപേക്ഷ അനുവദിക്കുകയോ തിരസ്കരിക്കുകയോ ചെയ്യുന്നതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന കാര്യങ്ങൾ ഞങ്ങൾ ചെയ്യുന്നതാണ്:

എ) വായ്പാ സൗകര്യം / സൗകര്യങ്ങൾ അനുവദിക്കുന്നതിന് 'ഒന്നിന് പകരം മറ്റൊന്ന്' എന്ന നിലയിൽ എന്തെങ്കിലും ബാങ്ക് നിക്ഷേപത്തിനായി ഞങ്ങൾ നിർബന്ധിക്കുന്നതല്ല.

ബി) നിങ്ങൾക്ക് ഒരു ഓവർഡ്രാഫ്ട് അനുവദിക്കുമ്പോഴോ, അല്ലെങ്കിൽ നിങ്ങളുടെ നിലവിലുള്ള ഓവർഡ്രാഫ്ട് പരിധിയിൽ ഒരു വർധനവ് അനുവദിക്കുമ്പോഴോ, നിങ്ങളുടെ ഓവർഡ്രാഫ്ട് ഹ്രസ്വകാലത്തിൽ തിരിച്ചടക്കേണ്ടതാണോ അല്ലയോ എന്ന് ഞങ്ങൾ അറിയിക്കും.

സി) വായ്പാ സൗകര്യങ്ങൾക്ക് ബാധകമായതും നിങ്ങൾ സമ്മതിച്ചതുമായ വ്യവസ്ഥകളും നിബന്ധനകളും മറ്റ് മുന്നറിയിപ്പുകളും എഴുതി തയ്യാറാക്കുകയും അത് രേഖമൂലം സ്ഥിരീകരിക്കുകയും അതിന്റെ ഒരു പകർപ്പ് നിങ്ങൾക്ക് നൽകുകയും ചെയ്യും.

ഡി) നിങ്ങൾ ഒപ്പിട്ടു നൽകിയ എല്ലാ വായ്പാപ്രമാണങ്ങളുടെയും ആധികാരികമായ പകർപ്പുകളും, ഒപ്പം വായ്പാ പ്രമാണത്തിൽ എടുത്ത് ചേർത്തിരിക്കുന്ന എല്ലാ രേഖകളുടെയും പകർപ്പും അതിന്റെ പട്ടികയും ഞങ്ങൾ സ്വന്തം ചെലവിൽ നിങ്ങൾക്ക് എത്തിച്ചുതരും.

ഇ) ഒരു വായ്പയോ അല്ലെങ്കിൽ ഹ്രസ്വകാല വായ്പാ സൗകര്യമോ ലഭിക്കുന്നതിനായി നിങ്ങൾ സമർപ്പിച്ച അപേക്ഷ അനുവദിക്കാൻ കഴിഞ്ഞില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ നിങ്ങളെ എഴുതി അറിയിക്കുന്നതാണ്.

എഫ്) നിങ്ങളുടെ സാമ്പത്തികനില വിലയിരുത്താനായി ഞങ്ങൾ ഒരു സംവിധാനം പിന്തുടരുകയും അതിന്റെ പ്രത്യേക സ്വഭാവ വിശേഷങ്ങൾ നിങ്ങളുമായി പങ്കുവയ്ക്കുകയും ചെയ്യുന്നതുമാണ്.

ജി) മുൻകൂട്ടി തിരിച്ചടയ്ക്കുന്നതിന് എന്തെങ്കിലും പിഴ ഈടാക്കാതെ തന്നെ സ്ഥിരപലിശ നിരക്കിൽ അനുവദിച്ച 50 ലക്ഷം രൂപ വരെയുള്ള വായ്പകൾ മുൻകൂട്ടി തിരിച്ചടക്കാൻ അനുവദിക്കുന്നതാണ്.

എച്ച്) മുൻകൂട്ടി തിരിച്ചടയ്ക്കുന്നതിന് എന്തെങ്കിലും പിഴ ഈടാക്കാതെ തന്നെ അസ്ഥിര പലിശ നിരക്കിൽ അനുവദിച്ച വായ്പകൾ മുൻകൂട്ടി തിരിച്ചടക്കാൻ അനുവദിക്കുന്നതാണ്.

ഐ) അനുവദിക്കപ്പെട്ട വായ്പ, അതിന് ബാധകമായ എല്ലാ വ്യവസ്ഥകളും നിബന്ധനകളും നിങ്ങൾ അംഗീകരിച്ചു കഴിഞ്ഞതിനുശേഷം രണ്ടു പ്രവൃത്തി ദിവസങ്ങൾക്കകം വിതരണം ചെയ്യുമെന്നത് ഉറപ്പുവരുത്തുന്നതാണ്.

ജെ) നിങ്ങൾക്ക് ഒരു ഋണ ന്യൂനീകരണ പട്ടിക (വായ്പയുടെ കാലാവധിക്കുള്ളിൽ തവണകളായി തിരിച്ചടക്കേണ്ട മുതലും പലിശയുമെത്ര വീതമായിരിക്കുമെന്ന് വ്യക്തമാക്കുന്ന പട്ടിക) തരുന്നതാണ്.

കെ) നിങ്ങൾക്ക് നൽകിയ അനുമതിക്കത്തിൽ കാണിച്ചിരിക്കുന്ന വ്യവസ്ഥകളും നിബന്ധനകളുമനുസരിച്ച് നിങ്ങളുടെ വായ്പ നിയതകാലംതോറും പുനരവലോകനം ചെയ്യുന്നുണ്ടെന്നതും പുതുക്കുന്നുണ്ടെന്നതും ഉറപ്പു വരുത്തുന്നതാണ്.

## 5.4. കേന്ദ്ര രജിസ്ട്രി

നിങ്ങൾ എടുക്കുന്ന വായ്പയുടെ പ്രാഥമിക ജാമ്യമോ അഥവാ അധിക ജാമ്യമോ ആയി സ്ഥാവര സ്വത്ത് നൽകിയിട്ടുണ്ടെങ്കിൽ, സെൻട്രൽ രജിസ്ട്രിയുടെ പ്രവർത്തനത്തെക്കുറിച്ചും, പണയ വസ്തുവുമായി ബന്ധപ്പെട്ട എന്തെങ്കിലും ഇടപാടുകൾ നടത്താൻ ആഗ്രഹിക്കുന്ന ഏതെങ്കിലുമൊരു ഉത്തമർണ്ണനോ അഥവാ മറ്റേതെങ്കിലും വ്യക്തിയ്ക്കോ വസ്തുവിന്റെ രേഖകൾ പരിശോധിക്കാനായി അവ രജിസ്ട്രിയിൽ ലഭ്യമായിരിക്കുമെന്ന വസ്തുതയെക്കുറിച്ചും നിങ്ങളെ ധരിപ്പിക്കുന്നതായിരിക്കും.

## 5.5 വായ്പാ വിതരണത്തിനുശേഷം

വായ്പാ വിതരണത്തിനുശേഷം താഴെപ്പറയുന്ന കാര്യങ്ങൾ ഞങ്ങൾ ശ്രദ്ധിക്കുന്നതാണ്.

എ) വായ്പാനുമതി രേഖകളിലെയും വായ്പാ ഉടമ്പടിയിലെയും വ്യവസ്ഥകളനുസരിച്ച് ആവശ്യമായി വരികയോ, അല്ലെങ്കിൽ എന്തെങ്കിലും പുതിയ / പ്രതികൂലമായ വിവരം ഞങ്ങളുടെ അറിവിൽ വരികയോ ചെയ്യാത്തപക്ഷം നിങ്ങളുടെ ബിസിനസ് കാര്യങ്ങളിൽ ഇടപെടുന്നതിൽ നിന്നും ഞങ്ങൾ വിട്ടുനിൽക്കും.

ബി) നിങ്ങളെ ക്രമമായി നിരീക്ഷിക്കുന്ന പ്രക്രിയയിൽ രചനാത്മകമായി വർത്തിക്കുവാൻ ഞങ്ങൾ പരിശ്രമിക്കുന്നതാണ്. ഞങ്ങളുമായുള്ള നിങ്ങളുടെ ഇടപാടുകളിൽ നിങ്ങൾ അഭിമുഖീകരിച്ചേക്കാവുന്ന യഥാർത്ഥമായ പ്രയാസങ്ങൾ ഞങ്ങൾ അനുതാപപൂർവം കൈകാര്യം ചെയ്യുന്നതായിരിക്കും.

സി) നിങ്ങൾ പിന്നീട് മറ്റേതെങ്കിലും വായ്പാ സ്ഥാപനത്തിൽ നിന്നും വായ്പയെടുക്കുകയാണെങ്കിൽ ആ വിവരം ഞങ്ങളെ അറിയിക്കാൻ നിങ്ങളോട് ആവശ്യപ്പെടും.

ഡി) താഴെപ്പറയുന്ന വിവരങ്ങൾ ഞങ്ങൾ തുടർച്ചയായി നിങ്ങളിൽ നിന്നും ശേഖരിക്കുന്നതാണ്:

(i) നിയതമായ കാലയളവിൽ സ്റ്റോക്ക് സ്റ്റേറ്റുമെന്റുകളും മറ്റ് സ്റ്റേറ്റ്മെന്റുകളും

(ii) നിങ്ങളുടെ ബിസിനസ് പ്ലാനിൽ നടത്തിയിരിക്കുന്ന പ്രവചനങ്ങളും യഥാർത്ഥ ഫലങ്ങളുമായുള്ള താരതമ്യം.

(iii) നിങ്ങളുടെ ബിസിനസ് പ്ലാനിലെ പ്രധാന ഘടകങ്ങളിൽ കൈവരിച്ച പുരോഗതി.

(iv) ബാക്കി പത്രം, ലാഭനഷ്ടകണക്ക്, മറ്റ് ആലംബ സ്റ്റേറ്റ്മെന്റുകൾ എന്നിവ പോലുള്ള വാർഷിക അക്കൗണ്ട് രേഖകൾ.

(v) നിങ്ങൾക്ക് കടം തന്നവരുടെയും നിങ്ങൾ കടം കൊടുത്തവരുടെയും പട്ടികയും, ഈ ഇടപാടുകളിൽ ഉൾക്കൊണ്ടിരിക്കുന്ന തുകകൾ എത്രയെന്ന് അവയുടെ കാലപ്പഴക്കമനുസരിച്ച് തരംതിരിച്ച് കാണിക്കുന്ന സ്റ്റേറ്റ്മെന്റും.

ഇ) നിങ്ങളുടെ വായ്പാ പരിധിയനുസരിച്ച് പതിവുള്ള മുൻകരുതലുകൾ എടുത്തുകൊണ്ട് തുകകൾ പിൻവലിക്കാൻ അനുവദിക്കുക.

എഫ്) നിങ്ങളുടെ ബിസിനസ് സാഹചര്യങ്ങൾ മാറുകയാണെങ്കിൽ ഞങ്ങൾക്ക് ആവശ്യമായി വരുന്ന ഏതെങ്കിലും പുതിയ വിവരത്തെക്കുറിച്ച് ഞങ്ങൾ നിങ്ങളുമായി സംസാരിക്കുന്നതാണ്.

ജി) നിങ്ങളുടെ വായ്പാ അക്കൗണ്ട് ഞങ്ങളിൽ നിന്നും മാറ്റാൻ നിങ്ങൾ ആഗ്രഹിക്കുന്നപക്ഷം, അത് സംബന്ധമായ അപേക്ഷ നിങ്ങളിൽ നിന്നോ അല്ലെങ്കിൽ

വായ്പ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ബാങ്കിൽ/ധനകാര്യസ്ഥാപനത്തിൽ നിന്നോ ലഭിച്ചതിനുശേഷം രണ്ടാഴ്ചയ്ക്കകം ഇതിനായുള്ള ഞങ്ങളുടെ സമ്മതമോ സമ്മതമില്ലായ്മയോ ഞങ്ങൾ അറിയിക്കുന്നതാണ്.

എച്ച്) വായ്പ അടച്ചുതീർത്തു കഴിഞ്ഞാലുടൻ തന്നെ, അല്ലെങ്കിൽ ഉടമ്പടി ചെയ്തതോ സമ്മതിച്ചതോ ആയ എല്ലാ കടബാദ്ധ്യതകളും തിരിച്ചടച്ചു കഴിഞ്ഞ്, എന്തൊക്കെയായാലും പതിനഞ്ച് ദിവസങ്ങൾക്കകം എല്ലാ ഈടുകളും വിട്ടുകൊടുക്കുന്നതാണ്. ബാങ്കിൽ മറ്റേതെങ്കിലും തരത്തിലുള്ള ബാദ്ധ്യത അവശേഷിക്കുന്നുണ്ടെങ്കിൽ ഈ ഈടിൽ നിന്നും അത് തട്ടിക്കിഴിക്കാനുള്ള അവകാശം വിനിയോഗിക്കേണ്ടിവരുന്ന പക്ഷം, മറ്റ് ബാദ്ധ്യതകളെക്കുറിച്ചുള്ള പൂർണ വിവരങ്ങളടങ്ങിയ മുറപ്രകാരമുള്ള നോട്ടീസ് തരികയും, പ്രസ്തുത ബാദ്ധ്യതകൾ തിരിച്ചടയ്ക്കുന്നതു / തീർപ്പാക്കുന്നതുവരേയ്ക്കും ഈടുകൾ, പ്രമാണങ്ങൾ, പണയവസ്തുവിൻമേലുള്ള നിയമപരമായ അവകാശം എന്നിവ ഞങ്ങൾ വച്ചുകൊണ്ടിരിക്കുകയും ചെയ്യും.

ഐ) വ്യാപാരച്ചരക്കുകൾ പണയം വയ്ക്കുകയോ അവ തിരിച്ചെടുക്കുകയോ ചെയ്യുന്നത് സംബന്ധമായ അപേക്ഷ നിങ്ങളിൽ നിന്നും ലഭിച്ചു കഴിഞ്ഞാൽ അതേ ദിവസം തന്നെ ഞങ്ങൾ അതിനുള്ള ക്രമീകരണങ്ങൾ ചെയ്യുന്നതാണ്.

ജെ) ഈട് നൽകി 24 മണിക്കൂറിനുള്ളിൽ നിങ്ങൾക്ക് അനുവദനീയമായ വായ്പാ പരിധിയ്ക്ക് വിധേയമായി, പണം പിൻവലിക്കാൻ അർഹമായ ശേഷി ഞങ്ങൾ വർദ്ധിപ്പിച്ചു നൽകുന്നതാണ്.

കെ) പതിവായി പണമിടപാടുകൾ നടത്തിക്കൊണ്ടിരിക്കുന്ന അക്കൗണ്ടുകളുടെ ആനുകാലിക സ്റ്റേറ്റ്മെന്റുകൾക്ക് പുറമേ, നിങ്ങളുടെ ദീർഘകാല / ഹ്യസ്വകാല വായ്പാ അക്കൗണ്ടുകളുടെ വാർഷിക സ്റ്റേറ്റ്മെന്റുകളും ഞങ്ങൾ നൽകുന്നതാണ്.

എൽ) നിങ്ങൾക്ക് വായ്പാ സ്റ്റേറ്റ്മെന്റുകൾ കൂടെക്കൂടെ ആവശ്യമായിവരുന്നപക്ഷം, ഞങ്ങളുടെ ചെലവു വിവരപട്ടികയിൽ കാണിച്ചിരിക്കുന്ന ചെലവിൽ ഞങ്ങൾ അവ നൽകുന്നതാണ്.

എം) താഴെപ്പറയുന്ന ഒന്നോ അതിലധികമോ മാർഗങ്ങളിലൂടെ നിങ്ങളുടെ സംരംഭത്തിന്റെ പുരോഗതി ഞങ്ങൾ ക്രമമായി നിരീക്ഷിക്കുന്നതാണ്:

(i) നിങ്ങളുടെ കൈവശമുള്ള വ്യാപാരച്ചരക്കുകളുടെ ആനുകാലിക സ്റ്റേറ്റ്മെന്റ്കൾ സൂക്ഷ്മമായി പരിശോധിക്കുക.

(ii) ഞങ്ങളുമായുള്ള നിങ്ങളുടെ അക്കൗണ്ടിലെ പണമിടപാടുകൾ നിരീക്ഷിക്കുക

(iii) ഈടായി നൽകിയ വ്യാപാരച്ചരക്കുകളും അല്ലെങ്കിൽ ആസ്തികളും പരിശോധിക്കാനായി നിങ്ങളുടെ വ്യാപാരസ്ഥലത്ത് ഞങ്ങളുടെ സ്റ്റാഫോ അംഗീകൃത പ്രതിനിധിയോ നടത്തുന്ന സന്ദർശനം.

(iv) നിങ്ങളുടെ ബിസിനസിന്റെ ഗതി എങ്ങനെയെന്നറിയുവാൻ അത്യാവശ്യമെങ്കിൽ വിപണിയിൽ നിന്നും വിവരം ശേഖരിക്കുക.

എൻ) നിങ്ങളുടെ അക്കൗണ്ട് തുടർച്ചയായി ക്രമരഹിതമാകുകയും ഒരു **നിഷ്ക്രിയ ആസ്തി**(എൻപിഎ) യായി പരിണമിക്കാനുള്ള സൂചനകൾ പ്രദർശിപ്പിക്കുകയും ചെയ്യുകയാണെങ്കിൽ യഥാസമയം ഞങ്ങൾ മുന്നറിയിപ്പുകൾ നൽകാൻ ശ്രമിക്കുന്നതാണ്. ഇടപാടുകളുമായി ബന്ധപ്പെട്ടവ മാത്രമല്ല, നിങ്ങളുടെ അക്കൗണ്ടിന്റെ ഇപ്പോഴത്തെ നില ഉൾപ്പെടെയുള്ള പ്രസക്തവും നിർണ്ണായകവുമായ ഘടകങ്ങളെക്കുറിച്ചും കൂടിയുള്ള മുന്നറിയിപ്പുകൾ കത്ത്/ഇ-മെയിൽ അല്ലെങ്കിൽ എസ്എംഎസ് വഴിയായിരിക്കും അയക്കുക.

ഒ) ഉടമ്പടിയിലെ വ്യവസ്ഥകൾപ്രകാരം വായ്പ മടക്കി വിളിക്കാനോ / പണമടവുകൾ അല്ലെങ്കിൽ പ്രവർത്തനം ദ്രുതഗതിയിലാക്കാനോ അല്ലെങ്കിൽ അധിക ഈടുകൾ ആവശ്യപ്പെടാനോ ഞങ്ങൾ തീരുമാനിക്കുന്നപക്ഷം വേണ്ടുവോളം മുൻകൂറായി ഇക്കാര്യത്തിൽ നിങ്ങൾക്ക് അറിയിപ്പ് നൽകുന്നതാണ്.

### 5.6 ധനവിനിമയേതരാടിസ്ഥാന വായ്പാ സൗകര്യങ്ങൾ

മൂലധന ഉപകരണങ്ങൾ അല്ലെങ്കിൽ അസംസ്കൃത വസ്തുക്കൾ, ക്ഷേയമായ സാധനങ്ങൾ മുതലായവ വാങ്ങാനായി ഋണപത്രങ്ങൾ പുറപ്പെടുവിച്ചും, അക്കാര്യം അറിയിച്ചും, സ്ഥിരീകരിച്ചും, അല്ലെങ്കിൽ ജാമ്യപത്രങ്ങൾ പുറപ്പെടുവിച്ചും ഞങ്ങൾ **ധനവിനിമയേതരാടിസ്ഥാന വായ്പാ സൗകര്യങ്ങൾ** ലഭ്യമാക്കിയേക്കാം. ഋണപത്രം, ജാമ്യപത്രം എന്നിവപോലുള്ള ധനവിനിമയേതരാടിസ്ഥാന വായ്പാ സൗകര്യങ്ങൾ നമ്മുടെ ദേശീയ നിയമങ്ങൾക്ക് പുറമെ, ഇന്റർനാഷണൽ ചേമ്പർ ഓഫ് കോമേഴ്സ് (ഐസിസി) കാലാകാലങ്ങളിൽ കൊണ്ടുവരുന്ന പ്രസക്തമായ ചട്ടങ്ങൾക്കും മുറപ്രകാരമുള്ള വിളംബരങ്ങൾക്കും കൂടി വിധേയമായിരിക്കുന്നതാണ്.

### 5.7 ഇൻഷ്വറൻസ്

എ) ഏതെങ്കിലും ഇൻഷ്വറൻസ് കമ്പനിയുടെ ഏജന്റുമാരെന്ന നിലയിൽ ഏതെങ്കിലും തരത്തിലുള്ള ഇൻഷ്വറൻസ് ഇടപാടുകൾ ഞങ്ങൾ നടത്തുന്നുണ്ടെങ്കിൽ ആ വിവരം നിങ്ങളെ അറിയിക്കുന്നതാണ്.

ബി) ഈ ഇൻഷ്വറൻസ് പദ്ധതികളിൽ അംഗമായി ചേരാൻ നിങ്ങൾ രേഖാമൂലമുള്ള സമ്മതം ഞങ്ങൾക്ക് തന്നിട്ടുണ്ടെന്നുള്ളത് ഞങ്ങൾ ഉറപ്പു വരുത്തുന്നതാണ്.

സി) നിങ്ങൾ എടുക്കുന്ന വായ്പകൾക്ക് ഈടായി നൽകിയിരിക്കുന്ന പണയ വസ്തുക്കളുടെ കാര്യത്തിൽ ഏതെങ്കിലുമൊരു പ്രത്യേക ഇൻഷ്വറൻസ് കമ്പനിയിൽ നിന്നും ഇൻഷ്വറൻസ് സംരക്ഷണമെടുക്കണമെന്ന് ഞങ്ങൾ നിർബന്ധിക്കുന്നതല്ല.

**5.8 സാമ്പത്തിക ക്ലേശങ്ങൾ**

ഞങ്ങൾക്ക് എങ്ങനെ സഹായിക്കാം

**5.8.1** സാമ്പത്തിക ക്ലേശങ്ങൾ അനുഭവപ്പെടുന്ന വായ്പാ ഇടപാടുകാരുടെ കാര്യങ്ങൾ ഞങ്ങൾ അനുതാപപൂർവ്വമായും അനുകൂലമായും പരിഗണിക്കുന്നതാണ്. സാധാരണ നിലയിൽ ആദ്യം നിങ്ങളുടെ പ്രശ്നങ്ങൾ എന്താണെന്ന് നിങ്ങൾ തിരിച്ചറിയേണ്ടതും അവയെക്കുറിച്ചു കഴിയുന്നതും വേഗം ഞങ്ങളെ അറിയിക്കേണ്ടതുമാണ്. നിങ്ങളുടെ പ്രശ്നങ്ങളെക്കുറിച്ച് ഞങ്ങൾ അറിയുകയാണെങ്കിൽ അക്കാര്യം രേഖാമൂലം നിങ്ങളെ ധരിപ്പിക്കുന്നതാണ്. സത്വരമായ നടപടികൾ ആവശ്യമുണ്ടെങ്കിൽ ഞങ്ങൾ ഫോൺ, ഫാക്സ് അല്ലെങ്കിൽ ഇ-മെയിൽ വഴി നിങ്ങളെ ബന്ധപ്പെടുന്നതാണ്.

**5.8.2** നിങ്ങൾ നിങ്ങളുടെ സാമ്പത്തിക ക്ലേശങ്ങളെക്കുറിച്ച് ഞങ്ങളെ അറിയിക്കാതിരിക്കുമ്പോൾ, ഞങ്ങൾക്ക് വിശേഷിച്ചും ആശങ്കയുളവാക്കുന്ന കാര്യങ്ങൾക്ക് ചില ഉദാഹരണങ്ങൾ താഴെപ്പറയുന്നു:

എ) വാണിജ്യാടിസ്ഥാനത്തിലുള്ള ഉത്പാദനം ആരംഭിക്കാൻ നേരിടുന്ന താമസവും, ചെലവ് നിശ്ചിത പരിധികവിയുക മുതലായ അവസ്ഥയും

ബി) സ്റ്റോക്ക് സ്റ്റേറ്റ്മെന്റ്, വായ്പാ പരിധി പുതുക്കാനാവശ്യമായ വിവരങ്ങൾ, ഓഡിറ്റ് ചെയ്ത ധനകാര്യ സ്റ്റേറ്റ്മെന്റുകൾ മുതലായവ ഹാജരാക്കാൻ അത്യധികമായ കാലതാമസം.

സി) നിങ്ങളുടെ ക്യാഷ്ക്രെഡിറ്റ് / കറന്റ് അക്കൗണ്ടുകളിൽ ചെക്കുകൾ മടങ്ങുന്ന കൂടുതൽ സംഭവങ്ങൾ

ഡി) നിങ്ങൾക്ക് അനുവദിച്ച പരിധി കൂടെക്കൂടെ അധികരിക്കുക.

ഇ) നിങ്ങളിൽ നിന്നും യുക്തമായ വിശദീകരണം ലഭിക്കാതെ നിങ്ങളുടെ ബിസിനസ് വിറ്റുവരവിൽ ദൃശ്യമാകുന്ന വലിയ മാറ്റങ്ങൾ.

എഫ്) എന്തെങ്കിലും പ്രവർത്തന വിരാമം / അസാധാരണാംവിധം ദീർഘകാലത്തേക്ക് പ്രവർത്തനം താത്കാലികമായി നിർത്തിവയ്ക്കൽ

ജി) ബിസിനസിൽ നഷ്ടം സംഭവിക്കുന്നു

എച്ച്) ഒരു ബിസിനസ് പങ്കാളിയെയോ അല്ലെങ്കിൽ സഹപ്രായോജകനെയോ അല്ലെങ്കിൽ ഒരു പ്രധാന ഇടപാടുകാരനെയോ അല്ലെങ്കിൽ ജീവനക്കാരനെയോ നിങ്ങൾക്ക് പെട്ടെന്ന് നഷ്ടപ്പെടുന്നു.

ഐ) പ്രാഥമിക പ്രവർത്തനത്തിൽ മാറ്റം വരികയോ അല്ലെങ്കിൽ നിങ്ങളുടെ ബിസിനസിന്റെ ഒരു വലിയ പങ്ക് വിൽക്കുകയോ ചെയ്യുന്നു.

ജെ) ഞങ്ങളുമായി സമ്മതിച്ച ഉദ്ദേശ്യത്തിനല്ലാതെ മറ്റ് ഉദ്ദേശ്യങ്ങൾക്കായി വായ്പാ സൗകര്യം ഉപയോഗിക്കുകയോ, അല്ലെങ്കിൽ ഉദ്ദേശിച്ച ബിസിനസിൽ നിന്നും മറ്റ് കാര്യങ്ങൾക്കുവേണ്ടി പണം വഴിതിരിച്ചു വിടുകയോ ചെയ്യുന്നു.

കെ) നിർദ്ദിഷ്ട കാലയളവിൽ ചുമത്തുന്ന പലിശത്തുക അക്കൗണ്ടിൽ അടക്കുന്നില്ല.

എൽ) നിങ്ങൾക്കനുവദിച്ച ദീർഘകാലവായ്പയുടെ തിരിച്ചടവു പട്ടികപ്രകാരമുള്ള തവണകൾ അടക്കുന്നതിൽ വീഴ്ച വരുത്തുന്നു.

എം) നിങ്ങളുടെ ഇടപാടുകാരുടെ പേരിൽ നിങ്ങൾ അയച്ചുകൊടുക്കുന്ന ബില്ലുകൾക്ക് അവർ പണമടക്കാതെ അവ കൂടെക്കൂടെ മടങ്ങിവരുന്നു.

എൻ) നിങ്ങളുടെ ദാതാക്കൾ നിങ്ങളുടെ പേരിൽ അയയ്ക്കുന്ന ബില്ലുകൾക്ക് നിങ്ങൾ പണമടയ്ക്കാതെ അവ കൂടെക്കൂടെ മടങ്ങിപ്പോകുന്നു.

ഒ) നിങ്ങൾക്കായി ഞങ്ങൾ നൽകിയ ജാമ്യപത്രങ്ങൾക്ക് പണം നൽകാനായി അവ കൂടെക്കൂടെ ഞങ്ങളുടെ മുന്നിൽ ഹാജരാക്കപ്പെടുന്നു.

പി) നിങ്ങളുടെ അക്കൗണ്ടിലെ വിറ്റുവരവ്, നിങ്ങളുടെ പുസ്തക ഋണത്തിലെയും, കടമായി സാധനങ്ങൾ വാങ്ങുന്നവരുടെ എണ്ണത്തിലെയും വർദ്ധനവുമായി പൊരുത്തപ്പെടുന്നില്ല.

ക്യൂ) സാധനങ്ങൾ വിറ്റുകിട്ടിയ പണം അക്കൗണ്ടിലേക്ക് വരുന്നില്ല.

ആർ) വായ്പാ ഉടമ്പടിയിൽ പ്രസ്താവിച്ചിരിക്കുന്ന നിബന്ധനകൾ പാലിക്കുന്നില്ല.

എസ്) തരാമെന്ന് സമ്മതിച്ച വിവരങ്ങൾ കൃത്യസമയത്ത് നൽകുന്നില്ല.

ടി) നിങ്ങൾക്ക് കടം തന്നിട്ടുള്ള ഏതെങ്കിലും വ്യക്തി നിങ്ങളുടെ ബിസിനസ് അവസാനിപ്പിക്കാനുള്ള ഹർജി കൊണ്ടുവരികയോ അല്ലെങ്കിൽ മറ്റ് നിയമനടപടികൾ സ്വീകരിക്കുകയോ ചെയ്യുന്നു.

**5.8.3** നിങ്ങളുടെ ക്ലേശങ്ങളെ മറികടക്കാനായി നിങ്ങളെ സഹായിക്കാൻ ഞങ്ങൾക്ക് കഴിയുന്നതെല്ലാം ഞങ്ങൾ ചെയ്യുന്നതാണ്. നിങ്ങളുടെ സജീവമായ സഹകരണത്തോടെ നിങ്ങളുടെ സാമ്പത്തിക ക്ലേശങ്ങൾ കൈകാര്യം ചെയ്യുവാനുള്ള ഒരു പദ്ധതിക്ക് ഞങ്ങൾ രൂപം നൽകും. ഞങ്ങൾ സമ്മതിച്ച കാര്യങ്ങൾ നിങ്ങളെ രേഖാമൂലം അറിയിക്കും.

**5.8.4** വായ്പയുമായി ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ച് നിങ്ങൾക്ക് ആധികാരികമായി ഉപദേശം നൽകാൻ ഞങ്ങൾ ശ്രമിക്കുന്നതാണ്. അങ്ങനെ നിങ്ങളുടെ ധനകാര്യ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിൽ നിങ്ങളെ സഹായിക്കാൻ ഞങ്ങൾക്ക് കഴിയും.

**5.8.5** എ)നിങ്ങൾ സാമ്പത്തിക ക്ലേശങ്ങളിലാണെങ്കിൽ നിങ്ങൾ ഞങ്ങളോട് ആവശ്യപ്പെടുന്നപക്ഷം നിങ്ങളുടെ ഉപദേശകരോടൊപ്പം ചേർന്ന് ഞങ്ങൾ പ്രവർത്തിക്കുന്നതാണ്. ഇക്കാര്യത്തിൽ നിങ്ങൾ ആത്മാർത്ഥതയോടെ പ്രവർത്തിക്കണമെന്നതും, സംഭവവികാസങ്ങൾ ഞങ്ങളെ അറിയിക്കണമെന്നതും, ഞങ്ങളുമായി ഉണ്ടാക്കിയ ഉടമ്പടിയിൽ ഉറച്ചു നിൽക്കണമെന്നതും, എത്രയും നേരത്തേ അത്യാവശ്യമായ മാറ്റങ്ങൾ വരുത്താൻ തയ്യാറായിരിക്കണമെന്നതും പ്രധാനമാണ്.

ബി) നിങ്ങളുടെ പ്രശ്നങ്ങൾ തിരിച്ചറിയാൻ ഒന്നിച്ച് പ്രവർത്തിക്കുന്നതിന് സഹായകരമായ രീതിയിൽ ഞങ്ങൾ നിങ്ങളുടെ സാമ്പത്തിക കാര്യങ്ങളെയും നിങ്ങളുടെ സാമ്പത്തിക ബാദ്ധ്യതകളെയും കുറിച്ച് കൂടുതൽ വിവരങ്ങൾ ചോദിച്ചേക്കാവുന്നതാണ്.

## 5.9 പീഡിത എംഎസ്ഇകളുടെ പരിചരണവും ഋണ പുനഃസംഘാടനവും

**5.9.1** നിങ്ങളുടെ ഏതെങ്കിലും വായ്പാഅക്കൗണ്ട് മൂന്ന് മാസമോ അതിലധികമോ കാലം എൻപിഎ ആയി നിലകൊള്ളുകയാണെങ്കിലോ, അല്ലെങ്കിൽ മുൻ അക്കൗണ്ടിംഗ് വർഷത്തിൽ സഞ്ചിത നഷ്ടത്തിന്റെ ഫലമായി **അറ്റമൂല്യ**ത്തിൽ 50 ശതമാനത്തോളം ക്ഷയം സംഭവിച്ചാലോ, ഒരു പരിചരണ / ഋണ പുനഃസംഘാടന പദ്ധതിയ്ക്ക് രൂപം നൽകുന്ന കാര്യം ഞങ്ങൾ പരിഗണിക്കുന്നതാണ്.

**5.9.2** പുനരധിവാസത്തിനും / ഋണപുനഃസംഘാടനത്തിനുംവേണ്ടിയുള്ള നിങ്ങളുടെ അപേക്ഷ പരിഗണിക്കുന്നതിലേക്കായി ഞങ്ങൾ :

എ) നിങ്ങളുടെ യൂണിറ്റ് / പ്രോജക്ട് ജീവനക്ഷമമാണോ / ജീവനക്ഷമമാകാൻ കെല്പുള്ളതാണോ എന്നത് പരിശോധിക്കുകയും, യൂണിറ്റ് പീഡിതമായതിനു ശേഷം മൂന്ന് മാസത്തിനകം ഞങ്ങളുടെ അഭിപ്രായം നിങ്ങളെ അറിയിക്കുകയും ചെയ്യുന്നതുമാണ്.

ബി) നിങ്ങളുടെ യൂണിറ്റ് ജീവനക്ഷമമാണെന്നോ / ജീവനക്ഷമമാകാൻ കെല്പുള്ളതാണെന്നോ കണ്ടാൽ അതിന്റെ പുനർജീവനത്തിനായി അവസരോചിതമായ പരിഹാര നടപടികൾ ആരംഭിക്കുന്നതാണ്./

സി) നിങ്ങളുടെ യൂണിറ്റ് ജീവനക്ഷമമാകാൻ കെല്പുള്ളതാണെന്നും കൺസോർഷ്യത്തിന്റെ/ വിവിധ ബാങ്കുകളുടെ സംയുക്തസംവിധാനത്തിന്റെ കീഴിലാണെന്നും, വായ്പയിൽ അവശേഷിക്കുന്ന തുകയുടെ അധികഭാഗം ഞങ്ങളുടേതാണെന്നും കാണുന്നപക്ഷം ഞങ്ങൾ ഒരു പുനഃസംഘാടന പാക്കേജ് ആസൂത്രണം ചെയ്യുന്നതാണ്.

ഡി) ആർബിഐ നിബന്ധനകൾ പ്രകാരമുള്ള നിങ്ങളുടെ വിഹിതം കൂടി ഉൾപ്പെടുത്തി ഒരു **പുനരധിവാസ പാക്കേജ്** ആസൂത്രണം ചെയ്യുകയും നിങ്ങളുടെ അപേക്ഷ ലഭിച്ച തീയതിമുതൽ പരമാവധി അറുപത് ദിവസത്തിനകം പാക്കേജ് നടപ്പിലാക്കുകയും ചെയ്യുന്നതാണ്.

ഇ) നിങ്ങളുടെ യൂണിറ്റ് ജീവനക്ഷമമല്ലെന്ന് പ്രഖ്യാപിക്കപ്പെടുന്നപക്ഷം ഞങ്ങളുടെ തൊട്ടുമുകളിലുള്ള അധികാരസ്ഥാനിയുടെ മുൻപാകെ നിങ്ങളുടെ കാര്യം അവതരിപ്പിക്കുവാൻ നിങ്ങൾക്ക് ഒരവസരം നൽകുന്നതാണ്.

**5.9.3** പുനരധിവാസപദ്ധതി വിജയിക്കുമെന്ന് ഞങ്ങൾ കരുതുന്നില്ലെങ്കിൽ അതിന്റെ കാരണങ്ങൾ എന്തെന്ന് ഞങ്ങൾ വിശദീകരിക്കുകയും മറ്റ് മാർഗങ്ങൾ പരിഗണിക്കാനായി നിങ്ങളെയും നിങ്ങളുടെ ഉപദേഷ്ടാക്കളെയും സഹായിക്കുന്നതുമാണ്.

**5.9.4** ഒരു യോജിപ്പിലെത്താൻ ഞങ്ങൾക്ക് കഴിയുന്നില്ലെങ്കിൽ, നിങ്ങൾക്കുള്ള സഹായം തുടരാൻ കഴിയില്ലെന്ന് ഞങ്ങൾക്ക് തോന്നുന്നതെന്തുകൊണ്ടെന്ന് ഞങ്ങൾ വിശദീകരിക്കുകയും, ഞങ്ങളുടെ ധനകാര്യസഹായം ഞങ്ങൾ എപ്പോൾ പിൻവലിക്കുമെന്നത് നിങ്ങളെ അറിയിക്കുകയും ചെയ്യും.

## 5.10 ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

എ) ബാങ്ക് ഒരു 'ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി' പ്രഖ്യാപിക്കുന്നപക്ഷം, ബാങ്കിന്റെ വെബ്സൈറ്റിൽ വിന്യസിക്കുക വഴിയും സാധ്യമായ മറ്റ് പരസ്യ മാർഗ്ഗങ്ങൾ വഴിയും പദ്ധതിയ്ക്ക് വ്യാപകമായ പ്രചാരണം നൽകുന്നതാണ്.

ബി) ഈടാക്കേണ്ട തുകയുടെ തിരിച്ചടവിനായി ഞങ്ങൾ നിങ്ങൾക്ക് ഒരു ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി (ഒടിഎസ്) വാഗ്ദാനം ചെയ്യുന്നപക്ഷം, വാഗ്ദാനത്തിന്റെ വിശദാംശങ്ങൾ ഞങ്ങൾ നിങ്ങൾക്ക് വിശദീകരിച്ചു തരുന്നതാണ്.

സി) നിങ്ങൾക്ക് വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്ന ഒടിഎസ്-ന്റെ വ്യവസ്ഥകളും നിബന്ധനകളും ഞങ്ങൾ രേഖാമൂലം വ്യക്തമായി വിശദീകരിക്കുന്നതാണ്.

ഡി) ഈ പദ്ധതിയുടെ പ്രയോജനങ്ങൾ നിങ്ങൾക്ക് ലഭിക്കത്തക്കവിധത്തിൽ ഇതിനായുള്ള അപേക്ഷ സമർപ്പിക്കാനും ഈടാക്കേണ്ടതുക അടയ്ക്കാനും ആവശ്യമായ ന്യായമായ സമയം ഞങ്ങൾ അനുവദിക്കുന്നതാണ്.

ഇ) ഒടിഎസ് നിർദ്ദേശത്തിന് സമ്മതിച്ചു കഴിഞ്ഞാൽ, ക്രെഡിറ്റ് ഇൻഫർമേഷൻ കമ്പനി (സിഐസി) കളിൽ സൂക്ഷിച്ചിരിക്കുന്ന നിങ്ങളുടെ വായ്പാ ചരിത്രത്തിൽ ഒടിഎസ് ഉളവാക്കുന്ന അന്തർഭാവങ്ങളെക്കുറിച്ച് ഞങ്ങൾ നിങ്ങൾക്ക് വിശദീകരിച്ചു തരുന്നതാണ്.

**5.11 വായ്പകളുടെയും കടബാദ്ധ്യതകളുടെയും വിൽപ്പന**

എ) നിങ്ങളുടെ വായ്പകളോ കടബാദ്ധ്യതകളോ ഞങ്ങൾ മറ്റൊരു സ്ഥാപനത്തിനു വിൽക്കുന്നപക്ഷം ആ സ്ഥാപനത്തിന്റെ പേരും, അവരുമായി ബന്ധപ്പെടാൻ ആവശ്യമായ വിശദവിവരങ്ങളും, അവരിലേക്ക് കൈമാറ്റം ചെയ്യപ്പെട്ട നിങ്ങളുടെ വായ്പയുടെ / കടബാദ്ധ്യതയുടെ ആകെത്തുകയും ഞങ്ങൾ നിങ്ങളെ അറിയിക്കുന്നതായിരിക്കും. സാധാരണഗതിയിൽ ഒരു നിശ്ചിത നിലവാരം പുലർത്താത്ത വായ്പകളും / കടബാദ്ധ്യതകളുമാണ് ഒരു ആസ്തി പുനഃസംവിധാന കമ്പനിയ്ക്ക് (ഏആർസി) കൈമാറ്റം ചെയ്യാൻ പരിഗണിക്കപ്പെടുക.

ബി) അത്തരം സാഹചര്യത്തിൽ വായ്പ / കടബാദ്ധ്യത കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനത്തിന് മുഴുവൻ കടബാദ്ധ്യതത്തുകയും നിങ്ങൾ കൊടുത്തുതീർക്കേണ്ടതായി വരും.

സി) വായ്പ / കടബാദ്ധ്യത കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനം നിങ്ങളുടെ വായ്പയെ സംബന്ധിക്കുന്ന വിവരങ്ങൾ ക്രെഡിറ്റ് ഇൻഫർമേഷൻ കമ്പനികൾക്ക് തുടർന്നും അയച്ചുകൊണ്ടിരിക്കുന്നതാണ്.

ഡി) നിങ്ങളുടെ വായ്പ / കടബാദ്ധ്യത കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനത്തിനെതിരെ നിങ്ങൾക്ക് എന്തെങ്കിലും ആവലാതിയുള്ളപക്ഷം നിങ്ങളെ സഹായിക്കാൻ ഞങ്ങൾ പരിശ്രമിക്കുന്നതാണ്.

# 6. കടബാദ്ധ്യത പിരിച്ചെടുക്കലും ഈടിന്റെ ഉടമസ്ഥത വീണ്ടെടുക്കലും സംബന്ധമായ നയം

## 6.1 കടബാദ്ധ്യത പിരിച്ചെടുക്കൽ

എ) ഞങ്ങൾ വായ്പകൾ നൽകുമ്പോഴൊക്കെ തിരിച്ചടവ് പ്രക്രിയ - അതായത്, തുക, കാലാവധി, തിരിച്ചടവു കാലയളവ് - നിങ്ങൾക്ക് വിശദീകരിച്ചു തരുന്നതാണ്. എന്നാൽ തിരിച്ചടവ് പട്ടികക്രമം നിങ്ങൾ പാലിക്കുന്നില്ലെങ്കിൽ, കടബാദ്ധ്യത പിരിച്ചെടുക്കാനായി നാട്ടിലെ നിയമങ്ങൾക്കനുസൃതമായുള്ള കൃത്യമായ ഒരു നടപടിക്രമം ഞങ്ങൾ പിന്തുടരുന്നതാണ്.

ബി) കടബാദ്ധ്യത പിരിച്ചെടുക്കുന്നതിനും, ഈടിന്റെ ഉടമസ്ഥത വീണ്ടെടുക്കുന്നതിനും, റിക്കവറി ഏജന്റുമാരുടെ നിയമനത്തിനുമായി ബാങ്കിന്റെ ഡയറക്ടർബോർഡ് അംഗീകരിച്ച ഒരു നയം ഞങ്ങൾക്കുണ്ടായിരിക്കും.

സി) റിക്കവറി ഏജന്റുമാരെ നിയമിക്കുമ്പോൾ പ്രസക്തമായ എല്ലാ നിയമങ്ങളും ചട്ടങ്ങളും മാർഗനിർദ്ദേശങ്ങളും, അംഗീകാരത്തിനായുള്ള നിബന്ധനകളും, ലൈസൻസിംങ്,
രജിസ്ട്രേഷൻ എന്നിവയും കണക്കിലെടുക്കുന്നതായിരിക്കും.

ഡി) റിക്കവറി ഏജന്റുമാരുടെ ഉത്തരവാദിത്തങ്ങൾ ശ്രദ്ധയോടെയും സംവേദനക്ഷമതയോടെയും നിർവഹിക്കുന്നതിന് അവർക്ക് ഉചിതമായ പരിശീലനം ലഭിക്കുന്നുണ്ടെന്നത് ഞങ്ങൾ ഉറപ്പുവരുത്തുന്നതാണ്. ജോലിയെ സംബന്ധിച്ച് അവർക്കു നൽകുന്ന നിർദ്ദേശങ്ങൾ അവർ അതിലംഘിക്കുന്നില്ലെന്നതും കൂടി ഞങ്ങൾ ഉറപ്പ് വരുത്തുന്നതാണ്.

ഇ) ഈടിന്റെ ഉടമസ്ഥത വീണ്ടെടുക്കുന്നതിന്റെ നടപടിക്രമങ്ങളിൽ, നോട്ടീസ് അയച്ചു നിങ്ങളെ ഓർമപ്പെടുത്തുക അല്ലെങ്കിൽ നിങ്ങളെ നേരിട്ട് വന്നു കാണുക എന്നീ കാര്യങ്ങൾ ഉൾപ്പെട്ടിരിക്കും.

എഫ്) തിരിച്ചടവ് മുടങ്ങിയിരിക്കുന്നുവെന്ന് കാണുന്നപക്ഷം ഞങ്ങൾ അക്കാര്യം റിക്കവറി ഏജന്റിനെ അറിയിക്കുന്നതാണ്. റിക്കവറി നടപടികൾ ആരംഭിച്ചിരിക്കുന്നു എന്ന വിവരം ഞങ്ങൾ നിങ്ങളെ അറിയിക്കുന്നതാണ്.

ജി) റിക്കവറി നടപടികൾ ആരംഭിക്കുമ്പോൾ, നിങ്ങൾക്ക് എന്തെങ്കിലും പരാതി ബോധിപ്പിക്കാനുണ്ടെങ്കിൽ നിങ്ങൾ ഞങ്ങളുടെ ഹെൽപ്പ്ലൈൻ നമ്പറിൽ ബന്ധപ്പെടേണ്ടതാണെന്നുംകൂടി ഞങ്ങൾ നിങ്ങളെ അറിയിക്കുന്നതാണ്.

എച്ച്) ഞങ്ങളുടെ റിക്കവറി ഏജന്റുമാർ നിങ്ങളോട് എന്തെങ്കിലും അന്യായം പ്രവർത്തിച്ചുവെന്ന് നിങ്ങൾക്ക് പരാതിയുള്ളപക്ഷം അക്കാര്യം ഞങ്ങൾ അന്വേഷിക്കുന്നതാണ്. ബാങ്കിന്റെ പ്രതിനിധിയോ / റിക്കവറി ഏജന്റോ എന്തെങ്കിലും വിധത്തിൽ അനുചിതമായി പെരുമാറിയിട്ടുണ്ടെങ്കിൽ, അല്ലെങ്കിൽ നിയമാവലി ലംഘിച്ച് പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ അക്കാര്യം ഞങ്ങൾ അന്വേഷിക്കുകയും, നിങ്ങളുടെ പരാതി കൈപ്പറ്റി ഒരു മാസത്തിനകം അന്വേഷണത്തിലെ കണ്ടെത്തലുകൾ നിങ്ങളെ അറിയിക്കുന്നതും, നീതികരിക്കാവുന്നതാണെന്ന് കാണുന്നിടത്ത്, നിങ്ങൾക്ക് എന്തെങ്കിലും നഷ്ടമുണ്ടായിട്ടുണ്ടെങ്കിൽ അതിന് പരിഹാരം ചെയ്യുന്നതുമാണ്.

## 6.2 കടബാദ്ധ്യത പിരിച്ചെടുക്കൽ, ഈടിന്റെ ഉടമസ്ഥത വീണ്ടെടുക്കൽ എന്നിവയെ സംബന്ധിച്ച നയം

കടബാദ്ധ്യത പിരിച്ചെടുക്കൽ, ഈടിന്റെ ഉടമസ്ഥത വീണ്ടെടുക്കൽ എന്നിവയെ സംബന്ധിച്ച നയം ഞങ്ങൾ നിയമാനുസൃതമായിട്ടായിരിക്കും പിന്തുടരുന്നത്. ഈ നയം ഞങ്ങളുടെ വെബ്സൈറ്റിൽ പ്രദർശിപ്പിക്കുന്നതും അതിന്റെ ഒരു പകർപ്പ് ഞങ്ങളുടെ എല്ലാ ശാഖകളിലും പരിശോധനയ്ക്കായി ലഭ്യമാക്കുന്നതുമാണ്.

എ) ഞങ്ങളുടെ കടബാദ്ധ്യത പിരിച്ചെടുക്കൽ നയം ഉപചാരം, നീതിപൂർവ്വമായ ഇടപെടൽ, അനുനയം എന്നിവയിലധിഷ്ഠിതമാണ്. ഇടപാടുകാരന്റെ ആത്മവിശ്വാസം വളർത്തിയെടുക്കുന്നതിലും ദീർഘകാല ബന്ധങ്ങൾ പരിപോഷിപ്പിക്കുന്നതിലും ഞങ്ങൾ വിശ്വസിക്കുന്നു. ഞങ്ങളുടെ നയത്തിന്റെ ഭാഗമായി:-

(i) നിങ്ങളുടെ കടബാദ്ധ്യതയെക്കുറിച്ചുള്ള എല്ലാ വിവരങ്ങളും ഞങ്ങൾ നിങ്ങൾക്ക് ലഭ്യമാക്കുന്നതാണ്. ബാദ്ധ്യതകൾ അടച്ചുതീർക്കാനായി മതിയായ മുന്നറിവ് നിങ്ങൾക്ക് നൽകാൻ ഞങ്ങൾ പരിശ്രമിക്കുന്നതാണ്.

(ii) നിങ്ങൾക്കെതിരെയുള്ള റിക്കവറി നടപടികൾ ആരംഭിക്കുമ്പോൾ അക്കാര്യം ഞങ്ങൾ നിങ്ങളെ എഴുതി അറിയിക്കുന്നതും, നിങ്ങളുടെ കാര്യം ഏത് റിക്കവറി ഏജൻസിയുടെ / ഏജന്റിന്റെ പക്കലാണോ ഏൽപ്പിച്ചിരിക്കുന്നത്, അവരുടെ പേരും, ഒപ്പം മേൽവിലാസവും ടെലിഫോൺ നമ്പരുകളും കൂടി ഞങ്ങൾ നിങ്ങളെ അറിയിക്കുന്നതുമാണ്.

(iii) ഞങ്ങൾ ഏർപ്പെടുത്തിയിരിക്കുന്ന റിക്കവറി ഏജൻസി സ്ഥാപനങ്ങളുടെ / കമ്പനികളുടെ വിവരങ്ങൾ ഞങ്ങൾ ഞങ്ങളുടെ വെബ്സൈറ്റിൽ വിന്യസിക്കുന്നതാണ്.

(iv) ഇതിനുംപുറമേ, നിങ്ങൾ അഭ്യർത്ഥിക്കുന്നപക്ഷം റിക്കവറിഏജൻസി സ്ഥാപനങ്ങളുടെയും കമ്പനികളുടെയും കൂടുതൽ വിശദവിവരങ്ങൾ ഞങ്ങളുടെ ശാഖകളിൽ ലഭ്യമാക്കുന്നതാണ്.

(v) ഞങ്ങളുടെ സ്റ്റാഫംഗമോ, അല്ലെങ്കിൽ കടബാദ്ധ്യത പിരിച്ചെടുക്കുന്നതിന് അല്ലെങ്കിൽ ഈടിന്റെ ഉടമസ്ഥത വീണ്ടെടുക്കുന്നതിന് ഞങ്ങളുടെ പ്രതിനിധിയായി അധികാരപ്പെടുത്തിയിട്ടുള്ള ആരെങ്കിലുമോ അവരെ നിങ്ങൾക്ക് സ്വയം പരിചയപ്പെടുത്തുകയും, നിങ്ങൾ അഭ്യർത്ഥിക്കുന്നപക്ഷം, അവർക്ക് ഞങ്ങളോ, ഞങ്ങൾ അധികാരപ്പെടുത്തിയിരിക്കുന്നവരോ നൽകിയിരിക്കുന്ന തിരിച്ചറിയൽകാർഡ് നിങ്ങൾക്ക് കാണിച്ചു തരികയും ചെയ്യുന്നതാണ്.

(vi) തിരിച്ചടവിൽ മുടക്കം വരുത്തിയിട്ടുള്ള ഒരു വായ്പാ അക്കൗണ്ട് പിരിച്ചെടുക്കൽ ഏജൻസിയ്ക്ക് കൈമാറുന്നതിനുമുമ്പ് പരിശോധിച്ച് ഉറപ്പ് വരുത്തുന്ന ഒരു സമ്പ്രദായം ഞങ്ങൾ നടപ്പാക്കുന്നതാണ്. അതുകൊണ്ട് ഞങ്ങളുടെ ഭാഗത്തെ വീഴ്ചകൾമൂലം നിങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകുന്ന അവസ്ഥ വരികയില്ല.

ബി) പിരിച്ചെടുക്കലിനോ അല്ലെങ്കിൽ ഈടിന്റെ ഉടമസ്ഥത വീണ്ടെടുക്കുന്നതിനോ, അല്ലെങ്കിൽ ഇവ രണ്ടിനുമായോ ഞങ്ങൾ അധികാരപ്പെടുത്തിയിട്ടുള്ള എല്ലാ സ്റ്റാഫംഗങ്ങളും അല്ലെങ്കിൽ മറ്റേതൊരു വ്യക്തിയും തക്കതായ ജാഗ്രത പാലിക്കുകയും താഴെ വിവരിക്കുന്ന മാർഗനിർദ്ദേശങ്ങൾ പിന്തുടരുകയും ചെയ്യും.

(i) നിങ്ങളെ നിങ്ങളുടെ ബിസിനസ് സ്ഥലത്തോ / തൊഴിൽസ്ഥലത്തോ, അവിടെ നിങ്ങളെ കണ്ടെത്താൻ കഴിഞ്ഞില്ലെങ്കിൽ നിങ്ങളുടെ വസതിയിലോ, അല്ലെങ്കിൽ ഏതെങ്കിലും പ്രത്യേക സ്ഥലം എടുത്തു പറയാത്തപക്ഷം നിങ്ങളുടെ അംഗീകൃത പ്രതിനിധി നിശ്ചയിക്കുന്ന സ്ഥലത്തോ എത്തി ഞങ്ങൾ ക്രമപ്രകാരം
നിങ്ങളെ ബന്ധപ്പെടുന്നതാണ്.

(ii) നിങ്ങളെ കാണാനെത്തുന്നവർ അവരുടെ സ്വത്വവും ഞങ്ങളെ പ്രതിനിധീകരിക്കാനുള്ള അവരുടെ അധികാരവും നിങ്ങളോട് വെളിപ്പെടുത്തുന്നതാണ്.

(iii) നിങ്ങളുടെ സ്വകാര്യതയെയും അന്തസ്സിനെയും അവർ മാനിക്കുന്നതാണ്.

(iv) നിങ്ങളുമായുള്ള ആശയസമ്പർക്കം മര്യാദയോടെയായിരിക്കും.

(v) നിങ്ങളുടെ ബിസിനസിന്റെ അല്ലെങ്കിൽ തൊഴിലിന്റെ പ്രത്യേക സാഹചര്യങ്ങൾ തടസ്സമാകുന്നില്ലെങ്കിൽ ഞങ്ങളുടെ പ്രതിനിധികൾ നിങ്ങളെ ബന്ധപ്പെടുന്നത് സാധാരണഗതിയിൽ രാവിലെ ഏഴുമണിയ്ക്കും രാത്രി ഏഴുമണിയ്ക്കുമിടയിലായിരിക്കും.

(vi) നിങ്ങളെ ഏതെങ്കിലും പ്രത്യേക സമയത്തോ അല്ലെങ്കിൽ നിങ്ങൾ ഏതെങ്കിലും പ്രത്യേക സ്ഥലത്തായിരിക്കുമ്പോഴോ ഫോണിൽ വിളിക്കുന്നത് ഒഴിവാക്കണമെന്ന് നിങ്ങൾ അഭ്യർത്ഥിക്കുന്നപക്ഷം, സാദ്ധ്യമാകുന്നിടത്തോളം അത് ഞങ്ങൾ മാനിക്കുന്നതാണ്.

(vii) നിങ്ങളെ എത്രപ്രാവശ്യം വിളിച്ചുവെന്നതും, ഏതൊക്കെ സമയത്താണ് വിളിച്ചതെന്നും, എന്തൊക്കെയാണ് സംസാരിച്ചതെന്നുമുള്ള കാര്യങ്ങൾ ഞങ്ങൾ രേഖയായി സൂക്ഷിക്കുന്നതാണ്.

(viii) തിരിച്ചടക്കാനുള്ള സംഖ്യയെക്കുറിച്ചുള്ള തർക്കങ്ങളും അല്ലെങ്കിൽ ഭിന്നതകളും ഇരുകൂട്ടർക്കും സ്വീകാര്യമായ ഒരു രീതിയിൽ ക്രമപ്രകാരം പരിഹരിക്കാനായി, ഞങ്ങൾ എല്ലാ സഹായങ്ങളും നൽകുന്നതാണ്.

(ix) കടബാദ്ധ്യത പിരിച്ചെടുക്കാനായി ഞങ്ങൾ നിങ്ങളുടെ സ്ഥലം സന്ദർശിക്കുന്ന വേളകളിൽ അന്തസ്സും മര്യാദയും പാലിക്കുന്നതായിരിക്കും. ഞങ്ങളുടെ ഉദ്യോഗസ്ഥർ / ഏജന്റുമാർ ഏതെങ്കിലും തരത്തിൽ നിങ്ങളെ അവഹേളിക്കാനുദ്ദേശിച്ചുള്ളതോ, നിങ്ങളുടെ കുടുംബാംഗങ്ങളുടെയോ മദ്ധ്യസ്ഥന്മാരുടെയോ സുഹൃത്തുക്കളുടെയോ സ്വകാര്യതയിലേക്ക് അതിക്രമിച്ചു കടക്കുക, ഭീഷണിപ്പെടുത്തുന്ന അജ്ഞാത ഫോൺവിളികൾ നടത്തുക, അല്ലെങ്കിൽ വ്യാജവും തെറ്റിദ്ധരിപ്പിക്കുന്നതുമായ പ്രസ്താവനകൾ നടത്തുക എന്നിവയടക്കം ആരെയെങ്കിലും വാക്കാലോ കായികമായോ ഭയപ്പെടുത്തുകയോ പീഡിപ്പിക്കുന്നതോ ആയ പ്രവൃത്തികൾ അവലംബിക്കുന്നതല്ല. എന്നുവരികിലും നിങ്ങളെ ബന്ധപ്പെടാനുള്ള വിവരങ്ങൾ അപ്പഴപ്പോൾ ഞങ്ങളെ അറിയിക്കേണ്ടത് നിങ്ങളുടെ ഉത്തരവാദിത്വമാണ്. എന്നിട്ടും ബാങ്കിന് നിങ്ങളുമായി ബന്ധപ്പെടാൻ കഴിയാത്ത പക്ഷം നിങ്ങളെ കണ്ടെത്താനായി നിങ്ങളെക്കുറിച്ചു ലഭ്യമാകുന്ന വിവരങ്ങൾ പൊതുജനങ്ങളിൽ നിന്നും ശേഖരിക്കുകയും നിങ്ങളുടെ സുഹൃത്തുക്കളെയോ ബന്ധുക്കളെയോ സമീപിക്കുന്നതുമായിരിക്കും.

(x) നിങ്ങളുടെ കുടുംബത്തിലെ മരണം, അല്ലെങ്കിൽ മറ്റേതെങ്കിലും അനിഷ്ടസംഭവങ്ങൾ എന്നിവപോലുള്ള അനുചിതമായ അവസരങ്ങളിൽ കടബാദ്ധ്യത പിരിച്ചെടുക്കാനായി ഫോൺവിളികൾ / സന്ദർശനങ്ങൾ നടത്തുക എന്നിവ ഞങ്ങൾ ഒഴിവാക്കുന്നതായിരിക്കും.

# പദാവലി

**അവലൈസേഷൻ**

ഒരു എക്സേഞ്ച് ബില്ലിന്റെ പണം അടയ്ക്കാനുള്ള സമയമെത്തുമ്പോൾ പണം കെട്ടുന്നതിൽ ഇറക്കുമതിക്കാരൻ വീഴ്ച വരുത്തുന്ന പക്ഷം കയറ്റുമതിക്കാരന് പണം നൽകിക്കൊള്ളാമെന്ന് എക്സേഞ്ച് ബില്ലിലോ അല്ലെങ്കിൽ ഡ്രാഫ്ടിന്റെയോ പുറത്ത് പ്രത്യേകം രേഖപ്പെടുത്തി ഒരു ബാങ്ക് ഉറപ്പ് നൽകുന്ന നടപടി.

**ജാമ്യപത്രങ്ങൾ**

ബാങ്കിന്റെ ഒരു ഇടപാടുകാരനും ഒരു മൂന്നാം കക്ഷിയും തമ്മിലുള്ള ഏതെങ്കിലും കരാറിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതിൻപ്രകാരമുള്ള ചുമതല നിറവേറ്റുന്നതിൽ ഇടപാടുകാരൻ വീഴ്ച വരുത്തുന്നപക്ഷം ഒരു നിശ്ചിത തുക മൂന്നാം കക്ഷിക്ക് നൽകിക്കൊള്ളാമെന്ന് ഉറപ്പ് രേഖപ്പെടുത്തി ഇടപാടുകാരനുവേണ്ടി മൂന്നാം കക്ഷിയ്ക്ക് ബാങ്ക് നൽകുന്ന പ്രമാണമാണ് ബാങ്ക് ഗ്യാരന്റി.

**ബാങ്കിംങ് ഓംബുഡ്സ്മാൻ**

ചില നിശ്ചിത ബാങ്കിംങ് സേവനങ്ങളിലെ അപര്യാപ്തതകളെക്കുറിച്ച് ബാങ്കിടപാടുകാർക്കുണ്ടാകാവുന്ന പരാതികൾക്ക് പരിഹാരം കണ്ടെത്താനായി ഭാരതീയ റിസർവ് ബാങ്ക് രൂപം നൽകിയ സ്വതന്ത്രമായ ഒരു തർക്ക പരിഹാര അധികാരസ്ഥാപനമാണ് ബാങ്കിംങ് ഓംബുഡ്സ്മാൻ.

**ബില്ലുകൾ**

എക്സേഞ്ച് ബില്ലുകൾ അല്ലെങ്കിൽ പ്രോമിസറി നോട്ടുകൾ പോലുള്ള ധനകാര്യ വിനിമയ പത്രങ്ങളാണ് ബില്ലുകൾ. ഒരു വില്പനക്കാരൻ, അയാൾ നൽകിയ ചരക്കുകൾക്കോ / സേവനങ്ങൾക്കോ പണം അടക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് വാങ്ങുന്നയാളിന് എക്സേഞ്ച് ബിൽ നൽകുന്നു. ഒരു പ്രോമിസറി നോട്ടിന്റെ രൂപത്തിലുള്ള ഈ ബിൽ, ചരക്കുകളോ സേവനങ്ങളോ വാങ്ങുന്നയാൾ അവയുടെ വില നൽകികൊള്ളാമെന്ന് തന്റെ വില്പനക്കാരന് നൽകുന്ന ഉറപ്പാണ്.

**ബിൽ പർച്ചേസ് / ഡിസ്കൗണ്ടിംഗ്**

ചരക്കുകൾ വിൽക്കുന്നയാളിന് പണം കടമായി നൽകാനുള്ള ഉപാധികളാണ് ബിൽ പർച്ചേസ് / ഡിസ്കൗണ്ടിംഗ് എന്നിവ. വാങ്ങുന്നയാളിന്റെ പേരിൽ ആവശ്യപ്പെടുമ്പോൾ ഉടനടി പണം നൽകേണ്ട ബില്ലുകളും, സമയപരിധിയാകുമ്പോൾ മാത്രം പണം നൽകേണ്ടബില്ലുകളും തയ്യാറാക്കി വിൽക്കുന്നയാൾ അവ ബാങ്കിൽ ഹാജരാക്കുന്നു. ആദ്യത്തേത് ബാങ്ക് വിലയ്ക്ക് വാങ്ങി മുഴുവൻ തുകയും നൽകുന്നു. രണ്ടാമത്തേതിന് തുക കിഴിച്ച് കൊടുക്കുന്നു.

**ക്യാഷ് ക്രെഡിറ്റ് / ഓവർഡ്രാഫ്ട്**

ഒരു വായ്പക്കാരന്റെ പേരിൽ മുൻകൂട്ടി നിശ്ചയിച്ച ഒരു വായ്പാപരിധിയ്ക്ക് വിധേയമായി, അയാൾക്ക് ആവശ്യമായത്രയും പണം ബാങ്കിൽ നിന്നും കടമെടുക്കാനുള്ള സ്വാതന്ത്ര്യം നൽകുന്ന വായ്പാ സൗകര്യമാണ് ക്യാഷ് ക്രെഡിറ്റും ഓവർഡ്രാഫ്റ്റും. തന്റെ അക്കൗണ്ടിലേയ്ക്ക് പണം വന്നുകൊണ്ടിരിക്കുന്നപക്ഷം തന്റെ വായ്പാ പരിധിയ്ക്ക് വിധേയമായി വീണ്ടും വീണ്ടും പണം പിൻവലിക്കാൻ അയാൾക്ക് കഴിയുന്നതാണ്. അപ്രകാരം, അനുവദനീയമായ വായ്പാ പരിധി, ഭ്രമണം ചെയ്തുകൊണ്ടിരിക്കുന്ന രൂപത്തിലുള്ള ഒരു വായ്പാരീതിയായിത്തീരുന്നു. അതത് ദിവസം വായ്പാ കണക്കിൽ ബാക്കി നിൽക്കുന്ന തുകയ്ക്ക് ബാങ്ക് പലിശ ഈടാക്കുന്നതാണ്.

**നഷ്ടപരിഹാരനയം**

ബാങ്കിന്റെ ഭാഗത്തു നിന്നുമുണ്ടായേക്കാവുന്ന തെറ്റുകുറ്റങ്ങൾവഴി ഇടപാടുകാർക്ക് സംഭവിക്കുന്ന ധനപരമായ നഷ്ടങ്ങൾക്ക് പരിഹാരം നൽകുന്നതിലേക്കായി ഒരു ബാങ്ക് നടപ്പാക്കുന്ന നയത്തിനെയാണ് നഷ്ടപരിഹാര നയം എന്നു പറയുന്നത്.

**വായ്പാ സൗകര്യങ്ങൾ/ബാങ്ക് വായ്പ**

ബാങ്ക് വായ്പാ സൗകര്യങ്ങൾ, ബാങ്കിൽ നിന്നും ഒരു ഇടപാടുകാരന് നിശ്ചിതമായ കാലയളവിലേയ്ക്ക് നൽകുന്ന, തവണകളായി അടച്ചുതീർക്കാവുന്ന രൂപത്തിലോ, അല്ലെങ്കിൽ ഒരു ഓവർഡ്രാഫ്റ്റ് അല്ലെങ്കിൽ ക്യാഷ് ക്രെഡിറ്റ് രൂപത്തിലോ ആകാം. അതത് ദിവസം വായ്പാ കണക്കിൽ ബാക്കി നിൽക്കുന്ന തുകയ്ക്ക് ഇടപാടുകാരനിൽ നിന്നും ബാങ്ക് പലിശ ഈടാക്കുന്നു.

**ക്രെഡിറ്റ് ഇൻഫർമേഷൻ കമ്പനികൾ (സിഐസി-കൾ)**

1956 ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതമാകുകയും രജിസ്റ്റർ ചെയ്യപ്പെടുകയും ചെയ്ത കമ്പനികളാണ് ക്രെഡിറ്റ് ഇൻഫർമേഷൻ കമ്പനികൾ. ഇവയ്ക്ക് റിസർവ് ബാങ്കിൽ നിന്നും ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. ഈ കമ്പനികൾക്ക്, അവരിൽ അംഗത്വമെടുത്തിട്ടുള്ള വായ്പാ സ്ഥാപനങ്ങളിൽ നിന്നും ഇടപാടുകാരുടെ വായ്പാ സംബന്ധമായ വിവരങ്ങൾ ശേഖരിക്കുവാനും, വിശകലനത്തിനുശേഷം അംഗങ്ങൾക്കും പ്രത്യേകമായി ആവശ്യമുള്ളവർക്കുമിടയിൽ അവ പരസ്യമാക്കാനുമുള്ള അധികാരം നൽകിയിട്ടുണ്ട്.

**ഫാക്ടറിങ്ങ്**

ഒരു വ്യാപാര സ്ഥാപനത്തിന് പിരിഞ്ഞു കിട്ടാനുള്ള കടങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള ധനപരമായ ഒരു ഏർപ്പാടാണ് ഫാക്ടറിങ്ങ്. കടമായുള്ള വില്പനയെ പണമാക്കി പരിവർത്തനം ചെയ്യുന്ന പ്രക്രിയയാണിത്.

**സ്ഥിര പലിശനിരക്ക്**

സ്ഥിര പലിശ നിരക്കെന്നാൽ ഒരു വായ്പയ്ക്ക് നിശ്ചയിച്ചിരിക്കുന്ന മുഴുവൻ തിരിച്ചടവു കാലാവധിയിലും മാറ്റമില്ലാതെ തുടരുന്ന പലിശ നിരക്കെന്നാണ് അർത്ഥം. വായ്പയുടെ വ്യവസ്ഥകളിലും നിബന്ധനകളിലും നിശ്ചിതമായ ഇടവേളകളിൽ പലിശനിരക്ക് പുതുക്കി നിശ്ചയിക്കാൻ സ്പഷ്ടമായി നിർദ്ദേശിച്ചിട്ടുണ്ടെങ്കിൽ അതിൻപ്രകാരം പലിശ നിരക്ക് മാറ്റാൻ കഴിയുന്നതാണ്.

**അസ്ഥിര പലിശനിരക്ക്**

ഒരു വായ്പയുടെ അസ്ഥിര പലിശ നിരക്കെന്നാൽ സ്ഥിരമായ പലിശനിരക്കിനു പകരമായി ഒരു ആധികാരിക നിരക്കിനെ ആസ്പദമാക്കി നിശ്ചയിക്കുന്ന പലിശ നിരക്കെന്നാണർത്ഥം. ആധികാരിക നിരക്കിൽ കാലാകാലങ്ങളിൽ വന്നേയ്ക്കാവുന്ന മാറ്റങ്ങൾക്കൊപ്പം അസ്ഥിര പലിശ നിരക്കിലും മാറ്റങ്ങളുണ്ടാകുന്നു.

## ഉറപ്പ്

ഒരു വ്യക്തി നൽകുന്ന ഒരു വാഗ്ദാനം

**ഋണപത്രം**

ഒരു ബാങ്ക് നൽകുന്ന ഒരു പ്രമാണമാണിത് അതിൽപ്പറയുന്ന രേഖകൾ ഹാജരാക്കുന്നപക്ഷം ഒരു ഗുണഭോക്താവിന് പണം നൽകിക്കൊള്ളാമെന്ന, റദ്ദ് ചെയ്യാൻ കഴിയാത്ത ഒരു ഉറപ്പ് ഉൾക്കൊള്ളിച്ചുകൊണ്ട് ബാങ്ക് നൽകുന്ന ഒരു അനുമതി പത്രമാണിത്.

**സൂക്ഷ്മ – ചെറുകിട സംരംഭങ്ങൾ**

സാധനങ്ങൾ ഉത്പാദിപ്പിക്കുകയോ സേവനങ്ങൾ നൽകുകയോ ചെയ്യുന്ന പ്രവർത്തനത്തിലേർപ്പെട്ടിരിക്കുന്ന സംരംഭങ്ങളാണ് സൂക്ഷ്മ – ചെറുകിട സംരംഭങ്ങൾ.

ഒരു സൂക്ഷ്മ സംരംഭത്തെ ഇപ്രകാരം നിർവചിക്കാം :

തൊഴിൽശാലയ്ക്കും യന്ത്രസാമഗ്രികൾക്കുമായി 25 ലക്ഷം രൂപയിൽ കവിയാത്ത മുതൽമുടക്ക് നടത്തിയിട്ടുള്ളതും, ഏതെങ്കിലും വ്യവസായവുമായി ബന്ധപ്പെട്ട സാധനങ്ങൾ നിർമ്മിക്കുകയോ ഉത്പാദിപ്പിക്കുകയോ ചെയ്യുന്ന പ്രവർത്തനത്തിലേർപ്പെട്ടിരിക്കുന്നതുമായ ഒരു സംരംഭം.

അല്ലെങ്കിൽ

സേവനങ്ങൾ നൽകുന്ന പ്രവർത്തനത്തിലേർപ്പെട്ടിരിക്കുന്ന, ഉപകരണങ്ങൾക്കായി 10 ലക്ഷം രൂപയിലധികം മുതൽമുടക്ക് നടത്തിയിട്ടില്ലാത്ത ഒരു സംരംഭം.

ഒരു ചെറുകിട സംരംഭത്തെ ഇപ്രകാരം നിർവചിക്കാം :

തൊഴിൽശാലയ്ക്കും യന്ത്രസാമഗ്രികൾക്കുമായി 25 ലക്ഷം രൂപയിലധികവും, എന്നാൽ 5 കോടി രൂപയിൽ കവിയാതെയും മുതൽമുടക്ക് നടത്തിയിട്ടുള്ളതും ഏതെ

ങ്കിലും വ്യവസായവുമായി ബന്ധപ്പെട്ട സാധനങ്ങൾ നിർമിക്കുകയോ ഉത്പാദിപ്പിക്കുകയോ ചെയ്യുന്ന പ്രവർത്തനത്തിലേർപ്പെട്ടിരിക്കുന്നതുമായ ഒരു സംരംഭം.

അല്ലെങ്കിൽ

സേവനങ്ങൾ നൽകുന്ന പ്രവർത്തനത്തിലേർപ്പെട്ടിരിക്കുന്ന, ഉപകരണങ്ങൾക്കായി 10 ലക്ഷം രൂപയിലധികവും എന്നാൽ 2 കോടി രൂപയിൽ കവിയാതെയുമുള്ള മുതൽമുടക്ക് നടത്തിയിട്ടുള്ള ഒരു സംരംഭം.

**അറ്റമൂല്യം**

മൂലധനവും സ്വതന്ത്ര കരുതൽധനവും ചേർന്ന തുകയിൽ നിന്നും സഞ്ചിത നഷ്ട ങ്ങളും സ്പർശവേദ്യമല്ലാത്ത (ഇൻടാൻജിബിൾ) ആസ്തികളും കുറച്ചാൽ കിട്ടുന്ന മൂല്യം.

**ധനവിനിമയേതരാടിസ്ഥാന വായ്പ**

ഇടപാടുകാരന് ബാങ്കിൽ നിന്നും ലഭ്യമാക്കുന്നതും, അയാൾ അത് വിനിയോഗിക്കു മ്പോൾ യഥാർത്ഥത്തിൽ പണമായി നൽകാത്തതുമായ വായ്പാ രൂപമാണ് ധനവിനിമയേത രാടിസ്ഥാന വായ്പകൾ. എന്നാൽ ഈ വായ്പാ സൗകര്യങ്ങൾ ലഭ്യമാക്കുമ്പോൾ അതിൽ നിഷ്ക്കർഷിച്ചിരിക്കുന്ന ബാദ്ധ്യസ്ഥത നിറവേറ്റാൻ ഇടപാടുകാരന് കഴിയാത്തപക്ഷം പിന്നീട് അവ ധനപരമായ ബാദ്ധ്യസ്ഥതയായി പരിണമിക്കുന്നതാണ്. പൊതുവേ ബാങ്ക് ഗ്യാരന്റികൾ, സമ്മത ഋണപത്രങ്ങൾ സാധാരണ ഋണപത്രങ്ങൾ എന്നിവയുടെ രൂപത്തിലാ യിരിക്കും ധനവിനിമയേതരാടിസ്ഥാന വായ്പകൾ.

**നിഷ്ക്രിയ ആസ്തി**

ഏതെങ്കിലും ഒരു ദീർഘകാല വായ്പയിലോ ഹൃസ്വകാല വായ്പയിലോ താഴെപ്പറ യുന്ന സാഹചര്യങ്ങൾ വന്നുചേരുമ്പോഴാണ് അവയെ നിഷ്ക്രിയ ആസ്തി (എൻപിഎ) എന്ന് കണക്കാക്കുന്നത്:

(i) ഒരു ദീർഘകാല വായ്പയിൽ 90 ദിവസത്തിലധികം വരുന്ന ഒരു കാലയള വിൽ പലിശയോ മുതലിന്റെ തവണയോ അല്ലെങ്കിൽ ഇവ രണ്ടുമോ **മുടക്കം വന്ന തുക**യായി അവശേഷിക്കുക.

(ii) ഒരു ഓവർഡ്രാഫ്ട് / ക്യാഷ് ക്രെഡിറ്റ് (ഓഡി / സിസി) എന്നിവയുടെ കാര്യ ത്തിൽ അക്കൗണ്ട് **'ശരിയായി പ്രവർത്തിയ്ക്കാത്ത'** നിലയിൽ കഴിയുമ്പോൾ

(iii) പർച്ചേസ് ചെയ്യുകയോ അല്ലെങ്കിൽ ഡിസ്കൗണ്ട് ചെയ്യുകയോ ചെയ്ത ബില്ലുകൾക്ക് 90 ദിവസത്തിനുശേഷവും പണം ലഭിക്കാതെ വരുമ്പോൾ

**'ശരിയായി പ്രവർത്തിയ്ക്കാത്ത' നില**

അനുവദിക്കപ്പെട്ട പരിധിയിലും / അല്ലെങ്കിൽ പണം പിൻവലിക്കാൻ അർഹമായ ശേഷിയിലും കവിഞ്ഞ തുക തുടർച്ചയായി വായ്പാ അക്കൗണ്ടിൽ ബാക്കി നിൽക്കുന്നു

ണ്ടെങ്കിൽ ആ അക്കൗണ്ടിനെ 'ശരിയായി പ്രവർത്തിക്കാത്ത' ഒന്നായി കരുതാം. മുഖ്യമായി പ്രവർത്തിപ്പിച്ചുകൊണ്ടിരിക്കുന്ന വായ്പാ അക്കൗണ്ടിലെ ബാക്കി നിൽക്കുന്ന തുക അനുവദിക്കപ്പെട്ട പരിധിയിലും / അല്ലെങ്കിൽ പണം പിൻവലിക്കാൻ അർഹമായ ശേഷിയിലും കുറവായിരിക്കുന്ന അവസ്ഥയിലാണെങ്കിൽപ്പോലും, ബാലൻസ്ഷീറ്റ് തയ്യാറാക്കുന്ന തിയതിയ്ക്ക് 90 ദിവസം മുൻപുള്ള കാലയളവിൽ തുടർച്ചയായി അക്കൗണ്ടിൽ പണമടവുകളൊന്നുമില്ലാത്തപക്ഷവും, അല്ലെങ്കിൽ അതേ കാലയളവിൽ അക്കൗണ്ടിൽ ചുമത്തിയ പലിശത്തുക ഉൾക്കൊള്ളാൻ പര്യാപ്തമായത്ര പണമടവുകൾ അക്കൗണ്ടിൽ വരാത്തപക്ഷവും അത്തരം അക്കൗണ്ടുകളെ 'ശരിയായി പ്രവർത്തിയ്ക്കാത്ത'വയായി കണക്കാക്കേണ്ടതാണ്.

**മുടക്കം വന്ന തുക**

ഏതെങ്കിലും വായ്പാ സംബന്ധമായി ബാങ്കിൽ തിരിച്ചടക്കേണ്ട ഏതെങ്കിലും തുക ബാങ്ക് നിശ്ചയിച്ചിരിക്കുന്ന കാലാവധിയിൽ അടയ്ക്കാത്തപക്ഷം ആ തുകയായിരിക്കും മുടക്കം വന്ന തുകയായി കണക്കാക്കപ്പെടുന്നത്.

**പണം നൽകാനും കണക്ക് തീർക്കാനുമായുള്ള സമ്പ്രദായം**

പണം നൽകാനും കണക്ക് തീർക്കാനുമുള്ള സമ്പ്രദായമെന്നാൽ ധനം നൽകുന്നവരും ധനം ഉപയോഗിക്കുന്നവരും തമ്മിലുള്ള പണക്കൈമാറ്റത്തിനാവശ്യമായ മാർഗങ്ങൾ സൃഷ്ടിക്കുന്ന സമ്പ്രദായമെന്നാണർത്ഥം.

**പിൻ**

സാധനങ്ങൾക്കും സേവനങ്ങൾക്കും വില നൽകാനും, പണം പിൻവലിക്കാനും, ബാങ്ക് ലഭ്യമാക്കുന്ന മറ്റ് ഇലക്ട്രോണിക് സേവനങ്ങൾ ഉപയോഗിക്കുവാനുമായി ഒരു കാർഡിന് അനുവദിച്ചുകൊടുത്തിരിക്കുന്ന ഒരു രഹസ്യ നമ്പരാണ് 'പിൻ'.

**യുക്തിസഹമായ**

യുക്തിയ്ക്കും വിവേകബുദ്ധിയുള്ള ചിന്തയ്ക്കും നിരക്കുന്നത്; സാമാന്യ ബുദ്ധിയുടെ അതിരുകൾക്കുള്ളിലുള്ളത്; അമിതമോ അതിയായതോ അല്ലാത്ത.

**ആധികാരിക നിരക്ക്**

അസ്ഥിര നിരക്കിൽ അനുവദിച്ചിട്ടുള്ള വായ്പകളെ ഒരു ബാങ്ക് ബന്ധിപ്പിച്ചിരിക്കുന്ന അടിസ്ഥാന (ഏറ്റവും കുറഞ്ഞ) പലിശ നിരക്കാണിത്. ബാങ്കുകൾ അവരുടെ നയങ്ങൾക്കനുസൃതമായി ആധികാരിക പലിശനിരക്ക് നിർണ്ണയിക്കുകയോ പരിഷ്ക്കരിക്കുകയോ ചെയ്യുന്നു.

**ഉടമസ്ഥത വീണ്ടെടുക്കൽ**

വീടിന്റെയോ അഥവാ സാധനങ്ങളുടെയോ (ഉദാഹരണം കാർ) ഈടിന്മേൽ വായ്പ നൽകിയ ഒരാൾ, വായ്പാ ഉടമ്പടിയിലെ വ്യവസ്ഥകൾ പ്രകാരം കടം വാങ്ങിയ ആൾ

വായ്പ തിരിച്ചടക്കാതെ വരുന്നപക്ഷം ഈടായി നൽകിയ വസ്തുക്കൾ കൈവശപ്പെടുത്തുന്ന പ്രക്രിയയാണ് ഉടമസ്ഥത വീണ്ടെടുക്കൽ.

**പുനരധിവാസ പാക്കേജ്**

ഒരു പീഡിത യൂണിറ്റിന്റെ പുനരധിവാസത്തിനായി തയ്യാറാക്കപ്പെടുന്ന ഒരു കൂട്ടം പദ്ധതികളെയാണ് പുനരധിവാസ പാക്കേജ് എന്ന് പറയുന്നത്. ഭാരതീയ റിസർവ് ബാങ്കിന്റെ നിബന്ധനകൾക്കനുസൃതമായി രൂപം നൽകുന്ന ഈ പാക്കേജിൽ സാധാരണയായി താഴെപ്പറയുന്ന ഘടകങ്ങൾ ഉൾപ്പെട്ടിരിക്കും.

(i) നിയന്ത്രണപരമായ മാർഗനിർദ്ദേശങ്ങളനുസരിച്ചുള്ള, പലിശ നിരക്കിൽ ഇളവോടുകൂടിയ പ്രവർത്തന മൂലധനം.

(ii) ഫണ്ടഡ് ഇന്ററസ്റ്റ് ടേം ലോൺ

(തവണ വായ്പയിലെ കുടിശ്ശിഖയായ പലിശയിൽ ഇളവു നൽകൽ)

(iii) വർക്കിങ്ങ് ക്യാപിറ്റിൽ ടേം ലോൺ

(നിലവിലുള്ള കുടിശ്ശികയായ പ്രവർത്തന മൂലധനത്തെ തവണ വായ്പയായി പരിവർത്തനം ചെയ്യൽ).

(iv) തവണകളായി അടക്കാവുന്ന വായ്പ

(v) യാദൃശ്ചികച്ചെലവുകൾക്കായുള്ള വായ്പാ സഹായം

**ഈട്**

ഒരു വായ്പയ്ക്കോ അല്ലെങ്കിൽ മറ്റൊരു ഋണബാദ്ധ്യതയ്ക്കോ ഊന്നു കൊടുക്കാനായി ഉപയോഗിക്കുന്ന ആസ്തികളെയാണ് ഈട് എന്നു പറയുന്നത്. കടമെടുത്തയാൾ വായ്പ തിരിച്ചടവിൽ മുടക്കം വരുത്തിയാൽ വായ്പ നൽകിയ ബാങ്കിന് അവർക്ക് കിട്ടാനുള്ള പണത്തിന് പകരമായി ഈ ആസ്തികൾ അവകാശപ്പെടാൻ കഴിയും. കടമെടുത്തയാൾക്ക് നൽകുന്ന വായ്പാ സൗകര്യങ്ങളുപയോഗിച്ച് രൂപവത്കരിക്കപ്പെട്ട ആസ്തിയോ അല്ലെങ്കിൽ അയാൾക്ക് വായ്പാ സൗകര്യം നൽകിയത് എന്തിനുവേണ്ടിയാണോ, ആ ബിസിനസ് / പ്രോജക്ടുമായി പ്രത്യക്ഷമായ ബന്ധമുള്ള ആസ്തിയോ അല്ലെങ്കിൽ ഇവ രണ്ടുമോ ആയിരിക്കും പ്രാഥമിക ഈട്.

പ്രസ്തുത വായ്പാ സൗകര്യം ലഭിക്കാനായി വാഗ്ദാനം ചെയ്യപ്പെടുന്ന മറ്റേതെങ്കിലും ഈടിനെയാണ് പാർശ്വസ്ഥ ഈട് എന്നു പറയുന്നത്. ഉദാഹരണത്തിന് സ്വർണാഭരണങ്ങൾ ചൂണ്ടു പണയം വയ്ക്കുക, വീട് പണയപ്പെടുത്തുക മുതലായവ.

**സേവനങ്ങൾ**

(i) സൂക്ഷ്മ, ചെറുകിട സേവന സംരംഭങ്ങളുടെ കാര്യത്തിൽ സേവനങ്ങൾ എന്ന് പരാമർശിക്കുന്നത് ചെറുകിട റോഡ് - ജലമാർഗ ഗതാഗത സേവനങ്ങൾ നൽകുന്ന

തിലേർപ്പെട്ടിരിക്കുന്നവർ , ഒരു പ്രവൃത്തി തൊഴിലായി സ്വീകരിച്ചിരിക്കുന്നവർ, സ്വയം തൊഴിലിലേർപ്പെട്ടിരിക്കുന്നവർ, മറ്റെല്ലാ സേവന സംരംഭങ്ങളും നടത്തുന്നവർ എന്നിവരെ യാണ്.

(ii) ബാങ്കുകൾ നൽകുന്ന സേവനങ്ങളിൽ പണം അയയ്ക്കൽ (ഡിമാന്റ് ഡ്രാഫ്ടു കൾ, മെയിൽ ട്രാൻസ്ഫറുകൾ, ടെലിഗ്രാഫിക് ട്രൻസ്ഫറുകൾ മുതലായവ), പണം സ്വീക രിക്കുകയും നൽകുകയും ചെയ്യൽ, കറൻസി നോട്ടുകളും വിദേശ കറൻസിയും മാറ്റി പണം നൽകൽ തുടങ്ങി ഇടപാടുകാർക്കായി ബാങ്കുകൾ ലഭ്യമാക്കിയിരിക്കുന്ന എല്ലാ സേവന ങ്ങളും ഉൾപ്പെടും.

**പീഡിത യൂണിറ്റ്**

ഒരു യൂണിറ്റിന്റെ വായ്പാ അക്കൗണ്ട് മൂന്നുമാസക്കാലമോ അതിലധികമോ കാലം എൻപിഎ ആയി നിലകൊള്ളുകയോ, അല്ലെങ്കിൽ മുൻ അക്കൗണ്ടിങ്ങ് വർഷത്തിലെ സഞ്ചിത നഷ്ടത്തിന്റെ ഫലമായി, അതിന്റെ അറ്റമൂല്യത്തിൽ 50 ശതമാനം കണ്ട് ക്ഷയം സംഭവിക്കുകയോ ചെയ്താൽ ആ യൂണിറ്റ് ഒരു പീഡിത യൂണിറ്റായി കണക്കാക്കപ്പെടുന്നു.

**ചെലവ് വിവര പട്ടിക**

ഒരു ബാങ്ക് അതിന്റെ ഇടപാടുകാർക്കായി ലഭ്യമാക്കുന്ന ഉത്പന്നങ്ങൾക്കും സേവന ങ്ങൾക്കുമായി ഈടാക്കുന്ന ചെലവുകളുടെ വിവരങ്ങൾ ഉൾക്കൊള്ളുന്ന പട്ടികയാണിത്.

ഭാരതീയ റിസർവ് ബാങ്ക്, ഇന്ത്യൻ ബാങ്ക്സ് അസോസിയേഷൻ, അംഗബാങ്കുകൾ എന്നിവയുമായി കൂടിയാലോചന നടത്തി ബാങ്കിംങ് കോഡ്സ് ആന്റ് സ്റ്റാൻഡേഡ്സ് ബോർഡ് ഓഫ് ഇന്ത്യ (ബിസിഎസ്ബിഐ) രൂപം നൽകിയതാണ് ഈ നിയമാവലി. ഉത്തമവും നീതിപൂർവ്വവുമായ ബാങ്കിംങ് രീതികൾ പ്രോത്സാഹിപ്പിക്കുക, ബാങ്കുകളുടെ നടപടിക്രമങ്ങളുടെ ഏറ്റവും കുറഞ്ഞ നിലവാരം എന്തായിരിക്കണമെന്നത് നിശ്ചയിക്കുക, സുതാര്യത വർധിപ്പിക്കുക, ഉന്നതമായ പ്രവർത്തന നിലവാരങ്ങൾ കൈവരിക്കുക, എല്ലാറ്റിലുമുപരി ബാങ്കിംങ് സമ്പ്രദായത്തിൽ സാധാരണക്കാരന്റെ ആത്മവിശ്വാസം വളർത്തിയെടുക്കാനുതകുമാറ് ബാങ്കും ഇടപാടുകാരനും തമ്മിൽ സൗഹാർദ്ദപൂർണമായ ഒരു ബന്ധം പരിപോഷിപ്പിക്കുക എന്നിവയാണ് നിയമാവലിയുടെ മുഖ്യമായ ഉദ്ദേശ്യങ്ങൾ. 2006 ഫെബ്രുവരിയിൽ 'ബാങ്കുകൾ അവരുടെ സേവനങ്ങൾ നൽകുമ്പോൾ അവർ അംഗീകരിച്ചിട്ടുള്ള ബാങ്കിംങ് നിയമാവലിയിലെ നിർദ്ദേശങ്ങളും നിലവാരങ്ങളും കൃത്യമായ താത്പര്യത്തോടെ പാലിക്കുന്നുവെന്നത് ഉറപ്പുവരുത്താനും ശ്രദ്ധാപൂർവം നിരീക്ഷിക്കുവാനുമായി' രൂപീകൃതമായ സ്വയംഭരണാധികാരമുള്ള ഒരു സ്ഥാപനമാണ് ബിസിഎസ്ബിഐ. രണ്ടുകൂട്ടം നിയാവലികൾക്ക് ബിസിഎസ്ബിഐ രൂപം നൽകിയിട്ടുണ്ട്. 'ഇടപാടുകാരോടുള്ള ബാങ്കിന്റെ പ്രതിബദ്ധതയുടെ നിയമാവലി'യും, 'സൂക്ഷ്മ - ചെറുകിട സംരംഭങ്ങളോടുള്ള ബാങ്കിന്റെ പ്രതിബദ്ധതയുടെ നിയമാവലി'യുമാണവ. ഈ നിയമാവലികൾ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ, അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കുകൾ, റിജീയണൽ റൂറൽ ബാങ്കുകൾ എന്നിവയുൾപ്പെടെയുള്ള ബിസിഎസ്ബിഐ യുടെ അംഗബാങ്കുകൾ അംഗീകരിച്ചിട്ടുള്ളവയാണ്. ബിസിഎസ്ബിഐ അതിന്റെ രൂപകൽപ്പനയിലും നിയോഗത്തിലും ആവലാതി പരിഹാരത്തിനായുള്ള ഒരു വേദിയല്ല. എന്നാൽത്തന്നെയും ബാങ്കുകളുടെ നയങ്ങളെയും നടപടിക്രമങ്ങളെയും പ്രവർത്തനരീതികളെയും അടിസ്ഥാനമാക്കി, പ്രവർത്തന വ്യവസ്ഥയിൽ എന്തെങ്കിലും അപര്യാപ്തതകൾ കാണുകയാണെങ്കിൽ അവയെ തിരിച്ചറിയുകയെന്ന ഉദ്ദേശ്യത്തോടെ ബിസിഎസ്ബിഐ അത് സംബന്ധമായ പരാതികൾ പരിശോധിക്കുകയും അവ പരിഹരിക്കാനാവശ്യമായ നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നതാണ്.

ബിസിഎസ്ബിഐ-യെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക്
www.bcsbi.org.in എന്ന വെബ്സൈറ്റുമായി ബന്ധപ്പെടുക.